**XI - CHAPTER - 1**

# FUNDAMENTALS OF COMPUTER

**1.കമ്പ്യൂട്ടർ നിർവ്വചിക്കുക Define computer :** അസംസ്കൃത ഡാറ്റ ഇൻപുട്ടായി സ്വീകരിക്കുകയും നിർദ്ദേശങ്ങൾക്ക് അനുസരിച്ചു പ്രോസസ്സ് ചെയ്യുകയും ഫലം ഔട്ട്പുട്ടായി നിർമിക്കുവാൻ ഉപയോഗിക്കുന്ന ഇലക്ട്രോണിക് ഉപകരണമാണ് കമ്പ്യൂട്ടർ.

**1.1. ഡാറ്റ :** പ്രോസസ്സ് ചെയ്യാവുന്ന അസംസ്കൃത വസ്തുക്കളും അക്കങ്ങളും.

**1.2. ഇൻഫർമേഷൻ:** പ്രോസസ്സ് ചെയ്ത ഡാറ്റയെ ഇൻഫർമേഷൻ എന്നറിയപ്പെടുന്നു.

*****1.3.ഡാറ്റയും ഇൻഫർമേഷനും തമ്മിലുള്ള വ്യത്യാസം Distinguish between data & information**

| ഡാറ്റ | ഇൻഫർമേഷൻ |
|---|---|
| അസംസ്കൃത വസ്തുതകളും അക്കങ്ങളും | പ്രോസസ്സ് ചെയ്ത ഡാറ്റ |
| നേരിട്ട് ഉപയോഗിക്കാൻ കഴിയില്ല | തീരുമാനങ്ങൾ എടുക്കാൻ സഹായിക്കുന്നു |
| കൃത്യവും വ്യക്തവുമായ ആശയം നൽകുന്നില്ല | വ്യക്തവും അർത്ഥപൂർണ്ണവുമാണ് |

**2. ഡാറ്റ പ്രോസസ്സിംഗ് :** ഡാറ്റയെ വിവരങ്ങളാക്കി ( ഇൻഫർമേഷൻ ) മാറ്റുന്ന പ്രക്രിയ.

*****2.1.ഡാറ്റ പ്രോസസ്സിംഗിൽ ഉപയോഗിക്കുന്ന ഘട്ടങ്ങൾ Data Processing Steps**

Step 1: ഡാറ്റയുടെ ശേഖരണം / Capturing data ( Collection of data )
Step 2: ഡാറ്റയുടെ ഇൻപുട്ട് / Input Data
Step 3: ഡാറ്റയുടെ സംഭരണം / Storage of Data
Step 4: ഡാറ്റയുടെ പ്രോസസ്സിംഗ് / Processing Data
Step 5: ഇൻഫർമേഷൻ ലഭ്യമാക്കുക / Output of Information
Step 6: ഇൻഫർമേഷൻ വിതരണം ചെയ്യുക / Distribution of information

*****3.ഒരു കമ്പ്യൂട്ടറിന്റെ 4 പ്രവർത്തന യൂണിറ്റുകൾ ( Functional units of a computer )**

**3.1 <u>ഇൻപുട്ട് യൂണിറ്റ്</u> ( Input Unit ) :**

➤ കമ്പ്യൂട്ടറിലേക്ക് ഡാറ്റയും നിർദ്ദേശങ്ങളും സ്വീകരിക്കുന്നു.
➤ഈ ഡാറ്റയും നിർദ്ദേശങ്ങളും കമ്പ്യൂട്ടറിന് മനസിലാകുന്ന ഭാഷയിലേക്ക് പരിവർത്തനം ചെയ്യുന്നു.
➤പരിവർത്തനം ചെയ്ത ഡാറ്റയും നിർദ്ദേശങ്ങളും പ്രോസസ്സിംഗിനായി കമ്പ്യൂട്ടറിലേക്ക് നൽകുന്നു.

**3.2 <u>സെൻട്രൽ പ്രോസസ്സിംഗ് യൂണിറ്റ്</u> ( CPU ) :**

➤കമ്പ്യൂട്ടറിന്റെ തലച്ചോറായ CPUയിലാണ് എല്ലാ പ്രധാന പ്രവർത്തനങ്ങളും നടക്കുന്നത്.
3 ഭാഗങ്ങളുണ്ട് : Arithmetic Logic Unit(ALU), Control Unit(CU) and Registers.

**ALU** : ഗണിതക്രിയകൾ, ലോജിക്കൽ ഓപ്പറേഷനുകൾ,തീരുമാനമെടുക്കൽ എന്നിവ ചെയ്യുന്നു.

**CU** : കമ്പ്യൂട്ടറിന്റെ വിവിധ യൂണിറ്റുകളെ ഏകോപിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു.

**Registers** : ഇത് CPU ന്റെ ഉള്ളിലുള്ള താത്കാലിക മെമ്മറി ആണ്.

**3.3 <u>സ്റ്റോറേജ് യൂണിറ്റ്</u> ( Storage unit ) :**

പ്രോസസ്സിംഗിന് ആവശ്യമായ എല്ലാ ഡാറ്റയും,നിർദ്ദേശങ്ങളും,റിസൾട്ട് എന്നിവ സംഭരിക്കുന്നു.
പ്രൈമറി മെമ്മറി & സെക്കണ്ടറി മെമ്മറി എന്നിങ്ങനെ 2 തരം ഉണ്ട്.

**3.4 <u>ഔട്ട്പുട്ട് യൂണിറ്റ്</u> ( Output unit ) :**

➤ പ്രോസസ്സ് ചെയ്തു ലഭിച്ച റിസൾട്ട് കമ്പ്യൂട്ടർ ഭാഷയിൽ സ്വീകരിക്കുന്നു.
➤പിന്നീട് മനുഷ്യർക്ക് വായിക്കാവുന്ന രൂപത്തിലേക്ക് പരിവർത്തനം ചെയ്യുന്നു.
➤റിസൾട്ട് ( ഇൻഫർമേഷൻ ) പുറം ലോകത്തിന് നൽകുന്നു.

TEACHBOOK.IN

*****4.കമ്പ്യൂട്ടറുകളുടെ സ്വഭാവ സവിശേഷതകൾ ( Characteristics of computers )**

**സവിശേഷതകൾ /ഗുണങ്ങൾ :** വേഗത,കൃത്യത,ശ്രദ്ധ,ഉയർന്ന മെമ്മറി,വൈവിധ്യം.

**ന്യൂനതകൾ :** മനുഷ്യനെപോലെ ചിന്താശേഷി,സ്വയം തീരുമാനം എടുക്കാനുള്ള ശേഷി, വികാരങ്ങൾ തുടങ്ങിയവയില്ല

**5. നമ്പർ സിസ്റ്റം ( Number System )**

സംഖ്യകളെ പ്രതിനിധീകരിക്കുന്നതിനോ പ്രകടിപ്പിക്കുന്നതിനോ ഉള്ള ഒരു മാർഗമാണ് നമ്പർ സിസ്റ്റം.

****5.1.കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട നമ്പർ സിസ്റ്റം ( Different Number Systems )**

| **നമ്പർ സിസ്റ്റം** | **ബേസ് ( Base )** | **ചിഹ്നം Symbols used** | **ഉദാഹരണം** |
|---|---|---|---|
| **ബൈനറി ( Binary ) :** കമ്പ്യൂട്ടറിന്റെ ഭാഷ. | **2** | **0, 1** | $(1101)_2$ |
| **ഒക്ടൽ ( Octal ) :** UTF8 നമ്പറുകളെ പ്രതിനിധീകരിക്കുന്നു. | **8** | **0, 1, 2, 3, 4, 5, 6, 7** | $(236)_8$ |
| **ഡെസിമൽ ( Decimal ) :** മനുഷ്യർക്ക് എളുപ്പത്തിൽ വായിക്കാവുന്നതും കൈകാര്യം ചെയ്യുവാനും. | **10** | **0, 1, 2, 3, 4, 5, 6, 7, 8, 9** | $(5876)_{10}$ |
| **ഹെക്സ-ഡെസിമൽ ( Hexadecimal )** മൈക്രോപ്രൊസസർ പ്രോഗ്രാമിംഗിൽ ഉപയോഗിക്കുന്നു. | **16** | **0, 1, 2, 3, 4, 5, 6, 7, 8, 9, A , B , C , D , E , F ( A , B , C , D , E , F represents 10, 11, 12, 13, 14, 15 respectively )** | $(12\ AF)_{16}$ |

*********ഒരു നമ്പർ സിസ്റ്റത്തിൽ ഉപയോഗിക്കുന്ന ചിഹ്നങ്ങളുടെ എണ്ണത്തെ ബേസ് / റാഡിക്സ് എന്ന് വിളിക്കുന്നു

**Bit stands for : Binary digit** | MSD - Most Significant Digit | LSD - Least Significant Digit

**?? 5876-**ൽ MSD, LSD എന്നിവ എഴുതുക? ഉത്തരം : MSD-5 & LSD-6

**6.കമ്പ്യൂട്ടർ മെമ്മറിയിൽ നമ്പർ പ്രതിനിധാനം ചെയ്യുന്നത് ( Representation of Numbers in Memory )**

i)Sign and magnitude representation / സൈൻ & മാഗ്നിറ്റ്യൂഡ്

ii) 1's complement representation / 1's കോംപ്ലിമെൻറ്

iii)2's complement representation. / 2's കോംപ്ലിമെൻറ്

*****7.കമ്പ്യൂട്ടർ മെമ്മറിയിൽ അക്ഷരങ്ങൾ പ്രതിനിധാനം ചെയ്യുന്നത് (Representation of Characters in Memory )**

| | | |
|---|---|---|
| **7.1. ASCII** ( അമേരിക്കൻ സ്റ്റാൻഡേർഡ് കോഡ് ഫോർ ഇൻഫർമേഷൻ ഇന്റർചേഞ്ച് ) | 7 bit - 128 അക്ഷരങ്ങൾ& 8 bit - 256 അക്ഷരങ്ങൾ | ഓരോ അക്ഷരത്തിനും ഓരോ പൂർണ സംഖ്യ നൽകുന്നു. |
| **7.2. ISCII** ( ഇന്ത്യൻ സ്റ്റാൻഡേർഡ് കോഡ് ഫോർ ഇൻഫർമേഷൻ ഇന്റർചേഞ്ച് ) | 8 bit - 256 അക്ഷരങ്ങൾ | ഇന്ത്യൻ ഭാഷകളിലെ അക്ഷരങ്ങളെ പ്രതിനിധാനം ചെയ്യുന്നു. |
| **7.3. EBCDIC** ( എക്സ്റ്റൻഡഡ് ബൈനറി കോഡെഡ് ഡെസിമൽ ഇന്റർചേഞ്ച് കോഡ്) | 8 bit - 256 അക്ഷരങ്ങൾ | |
| **7.4. Unicode** ( യൂണികോഡ് ) **Universal character representation standar | 16 bit - 65536 അക്ഷരങ്ങൾ | ലോകത്തുള്ള എല്ലാ മനുഷ്യ ഭാഷകളെയും പ്രതിനിധീകരിക്കുന്നു ( എൻകോഡ് ചെയ്യുന്നു ) |

TEACHBOOK.IN

# XI - CHAPTER - 2

## COMPONENTS OF THE COMPUTER SYSTEM

**1.കമ്പ്യൂട്ടർ ഹാർഡ്‌വെയറുകൾ** : ഇൻപുട്ട്, ഔട്ട്പുട്ട്, സംഭരണം, ആശയവിനിമയം, പ്രോസസ്സിംഗ് പ്രവർത്തനങ്ങൾ നിർവഹിക്കാൻ പ്രാപ്തമാക്കുന്ന ഉപകരണങ്ങളാണ് ഹാർഡ്‌വെയർ

**1.1 പ്രോസസ്സറുകൾ :** കമ്പ്യൂട്ടറിൽ എല്ലാ കണക്കുകൂട്ടലുകൾ,തീരുമാനങ്ങൾ എടുക്കുന്നതും മറ്റു പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതും ചെയ്യുന്ന സർക്യൂട്ടാണ് പ്രോസസർ.

**രജിസ്റ്റർ :** CPUനുള്ളിലെ താൽക്കാലിക സ്റ്റോറേജ് ലൊക്കേഷനുകളാണ് രജിസ്റ്ററുകൾ.

| രജിസ്റ്റർ | ഉപയോഗം |
|---|---|
| അക്യൂമുലേറ്റർ ( Accumulator ) | ഗണിത, ലോജിക്കൽ പ്രവർത്തനങ്ങളുടെ ഫലങ്ങൾ സംഭരിച്ചിരിക്കുന്ന ALU- യുടെ ഭാഗമാണിത്. |
| മെമ്മറി അഡ്രെസ്സ് രജിസ്റ്റർ ( MAR ) | പ്രോസസ്സ് ചെയ്യേണ്ട ഡാറ്റയുടെ മെമ്മറി ലൊക്കേഷന്റെ അഡ്രെസ്സ് ഇത് സംഭരിക്കുന്നു. |
| മെമ്മറി ബഫർ രജിസ്റ്റർ(MBR ) or മെമ്മറി ഡാറ്റ രജിസ്റ്റർ | പ്രോസസിംഗ് സമയത് ഡാറ്റയുടെ പെട്ടെന്നുള്ള ആക്സസ്സിനായി താത്കാലികമായി സ്റ്റോർ ചെയ്യുന്നിടം. |
| ഇൻസ്ട്രക്ഷൻ രജിസ്റ്റർ ( IR ) | പ്രൊസസർ എക്സിക്യൂട്ട് ചെയ്യേണ്ട നിർദ്ദേശങ്ങൾ സ്റ്റോർ ചെയ്യുന്നിടം. |
| പ്രോഗ്രാം കൗണ്ടർ ( PC ) | പ്രോസസ്സ് ചെയ്യേണ്ട അടുത്ത നിർദേശത്തിന്റെ അഡ്രെസ്സ് സ്റ്റോർ ചെയ്യുന്നു. |

**1.2 മദർബോർഡ് :** ഇത് പ്രിന്റഡ് സർക്യൂട്ട് ബോർഡാണ് ( PCB )

***1.2.1 മദർബോർഡ് പോർട്ടുകളും ഉപയോഗവും**

| പോർട്ട് | ഉപയോഗം |
|---|---|
| USB പോർട്ട് ( Universal Serial Bus ) | അതിവേഗ ഡാറ്റാ ആശയവിനിമയം സാധ്യമാക്കുന്നു |
| ഓഡിയോ പോർട്ട് ( Audio port ) | സ്പീക്കറുകൾ,മൈക്രോഫോൺ പോലെയുള്ള ഓഡിയോ ഉപകരണങ്ങളെ ബന്ധിപ്പിക്കാൻ |
| VGA പോർട്ട് (വീഡിയോ ഗ്രാഫിക്സ് അറേ) | മോണിറ്ററോ പ്രൊജക്ടറോ കമ്പ്യൂട്ടറുമായി ബന്ധിപ്പിക്കുന്നു. |
| LAN പോർട്ട് / Ethernet port / Network port | വയർഡ് കണക്ഷൻ ( RJ45 ) ഉപയോഗിച്ച് കമ്പ്യൂട്ടറിനെ ഒരു നെറ്റ്‌വർക്കിലേക്ക് കണക്റ്റുചെയ്യാൻ |
| PS/2 പോർട്ട് ( Personal System/2 ) | മൗസ്,കീബോർഡ് കണക്ട് ചെയ്യുവാൻ IBM കണ്ടെത്തിയ പോർട്ട്. USB യെക്കാൾ വേഗത കുറവ്. |
| HDMI ( ഹൈ ഡെഫനിഷൻ മൾട്ടിമീഡിയ ഇന്റർഫേസ് ) പോർട്ട് | ഉയർന്ന നിലവാരമുള്ള വീഡിയോ,ഓഡിയോ ഒരു സിംഗിൾ കേബിളിലൂടെ കൈമാറാൻ സാധ്യമാക്കുന്നു |

TEACHBOOK.IN

**<u>**മെമ്മറി അളക്കുന്ന യൂണിറ്റുകൾ</u>**

| | | | |
|---|---|---|---|
| Binary Digit = 1 Bit | 1 Nibble = 4 Bits | 1 Byte = 8 Bits | 1 KB (Kilo Byte) = 1024 Bytes |
| 1 MB (Mega Byte) = 1024 KB | 1 GB (Giga Byte) = 1024 MB | 1 TB (Tera Byte) = 1024 GB | 1 PB (Peta Byte) = 1024 TB |

**<u>1.3 മെമ്മറി</u> :** ഡാറ്റ,നിർദ്ദേശങ്ങൾ,റിസൾട്ട് താൽക്കാലികമായോ സ്ഥിരമായോ സ്റ്റോർ ചെയ്യുന്നിടം.

**<u>മെമ്മറികൾ 2 തരം :</u>**

**1.3.1. പ്രൈമറി മെമ്മറി :** കമ്പ്യൂട്ടർ റൺ ചെയ്യുമ്പോൾ ഉള്ള ഡാറ്റയും,നിർദ്ദേശങ്ങളും, പ്രോഗ്രാമുകളും താൽക്കാലികമായി സൂക്ഷിക്കുന്ന കമ്പ്യൂട്ടറിന്റെ ഘടകമാണിത്. ഉയർന്ന വേഗതയിൽ ഡാറ്റ അയയ്ക്കാനും സ്വീകരിക്കാനും കഴിയുന്നു. **പ്രൈമറി മെമ്മറികൾ 3 തരം :**

| **1.3.1.A RAM(റാൻഡം ആക്സസ് മെമ്മറി)** | **1.3.1.B ROM ( റീഡ് ഓൺലി മെമ്മറി )** |
|---|---|
| താത്കാലിക സ്റ്റോറേജ് മെമ്മറി | സ്ഥിരമായ സ്റ്റോറേജ് |
| ഇത് റോമിനേക്കാൾ വേഗതയുള്ളതാണ് | ഇത് റാമിനെക്കാൾ വേഗത കുറവാണ് |
| വോളടൈൽ മെമ്മറി | നോൺ-വോളടൈൽ മെമ്മറി ( പവർ ഓഫ് ചെയ്യുമ്പോൾ സ്റ്റോർ ചെയ്തവ നഷ്ടമാകില്ല ) |
| കമ്പ്യൂട്ടർ പ്രവർത്തിക്കാൻവേണ്ട ഓപ്പറേറ്റിംഗ് സിസ്റ്റം, റൺടൈം അപ്ലിക്കേഷൻ പ്രോഗ്രാം,ഡാറ്റ എന്നിവ സ്റ്റോർ ചെയ്യുന്നു | കമ്പ്യൂട്ടർ ബൂട്ട് ചെയ്യാൻ ആവശ്യമായ പ്രോഗ്രാം സ്റ്റോർ ചെയ്യുന്നു. |

**1.3.1.C കാഷെ മെമ്മറി ( Cache memory ) :** പ്രോസസറിനും റാമിനും ഇടയിലുള്ള ചെറുതും വേഗതയേറിയതുമായ മെമ്മറിയാണിത്.

**<u>1.3.2.സെക്കണ്ടറി മെമ്മറി ( ഓക്സിലറി മെമ്മറി )</u> :** പ്രൈമറി മെമ്മറിയേക്കാൾ സ്റ്റോറേജ് കപ്പാസിറ്റി കൂടുതലും,എന്നാൽ വേഗത കുറവും, ഡാറ്റ/ഇൻഫർമേഷൻ സ്ഥിരമായി സ്റ്റോർ ചെയ്യാൻ സാധിക്കുന്നതുമായ നോൺ-വോളടൈൽ മെമ്മറിയാണിത്.

**3 തരം സെക്കണ്ടറി മെമ്മറി :**

**1.3.2.A. മാഗ്നെറ്റിക് സ്റ്റോറേജ് ഡിവൈസ് :** കാന്തിക സ്വഭാവമുള്ള പദാർത്ഥങ്ങൾ കൊണ്ട് പൊതിഞ്ഞ പ്ലാസ്റ്റിക് ടേപ്പ് അല്ലെങ്കിൽ മെറ്റൽ/പ്ലാസ്റ്റിക് ഡിസ്കുകളിൽ ഡാറ്റ സ്റ്റോർ ചെയ്യാൻ ഉപയോഗിക്കുന്നു.

**ഉദാഹരണം :**

***1.മാഗ്നെറ്റിക് ടേപ്പ് :*** കാന്തിക സ്വഭാവമുള്ള പദാർത്ഥങ്ങൾ കൊണ്ട് പൊതിഞ്ഞ പ്ലാസ്റ്റിക് ടേപ്പ്

***2.ഹാർഡ് ഡിസ്ക് :*** കാന്തിക സ്വഭാവമുള്ള പദാർത്ഥങ്ങൾ കൊണ്ട് പൊതിഞ്ഞ മെറ്റൽ ഡിസ്കുകൾ

**1.3.2.B. ഒപ്റ്റിക്കൽ സ്റ്റോറേജ് ഡിവൈസ് :** പ്ലാസ്റ്റിക് ഡിസ്കുകൾക്കിടയിൽ അലുമിനിയം ഫോയിൽ ചേർത്തുവെച്ചു, കുറഞ്ഞ ശക്തിയുള്ള ലേസർ ബീം ഉപയോഗിച്ചു ഡാറ്റയുടെ റീഡ് & റൈറ്റ് സാധിക്കുന്നു.

**ഉദാഹരണം :**

***1.കോംപാക്റ്റ് ഡിസ്ക് ( CD ) :*** 700 MB ഡാറ്റ വരെ സംഭരിക്കാൻ കഴിവുണ്ട്.

***2.ഡിജിറ്റൽ വെർസറ്റൈൽ ഡിസ്ക് (DVD):*** 4.37 ജിബി മുതൽ 15.9 ജിബി വരെ ഡാറ്റ വരെ സംഭരിക്കാൻ കഴിവുണ്ട്.

***3.ബ്ലൂ-റേ ഡിവിഡി :*** ഹൈ ഡെഫനിഷൻ (HD) വീഡിയോയുടെ വലിയ അളവിലുള്ള ഡാറ്റ സംഭരിക്കുന്നു.രണ്ടു ലേയറുകളിലായി 50GB ഡാറ്റ സ്റ്റോർ ചെയ്യാം.

**1.3.2.C. സെമി കണ്ടക്ടർ സ്റ്റോറേജ് ( ഫ്ലാഷ് മെമ്മറി ) :** ഇലട്രിക്കലി ഡാറ്റ എറേസ് ചെയ്യാനും, റീപ്രോഗ്രാം ചെയ്യാനും കഴിയുന്ന കുറഞ്ഞ ചെലവിലുള്ള പോർട്ടബിൾ നോൺ-വോളടൈൽ സ്റ്റോറേജ് ചിപ്പാണിത്.

**ഉദാഹരണം : *1. USB ഫ്ളാഷ് ഡ്രൈവ് ( Pen Drive ) :*** *മനുഷ്യന്റെ വിരലിന്റെ വലിപ്പമുള്ള ഡിവൈസ്.*

***2. ഫ്ലാഷ് മെമ്മറി കാർഡുകൾ :*** *സാധാരണ, ഫോണുകളിലും ക്യാമറകളിലും കണ്ടു വരുന്നു.*

TEACHBOOK.IN

**<u>1.4 ഇൻപുട്ട് ഡിവൈസ്:</u>**

കമ്പ്യൂട്ടറിലേക്ക് ഡാറ്റ,ഇൻസ്ട്രക്ഷൻ നൽകുന്നതിന് ഉപയോഗിക്കുന്ന ഉപകരണം.

| ഇൻപുട്ട് ഉപകരണം | വിശദീകരണം |
|---|---|
| കീബോർഡ് | കമ്പ്യൂട്ടറിൽ അക്ഷരങ്ങളും,അക്കങ്ങളും ഉൾപ്പെടെയുള്ള ഡാറ്റ നൽകുവാൻ സാധിക്കുന്നു |
| മൗസ് | ഡിസ്പ്ലേ സ്ക്രീനിലെ ഏതൊരു സ്ഥലത്തേക്കും ചലിക്കാൻ ഉപയോഗിക്കുന്ന പോയിന്റിംഗ് ഉപകരണം |
| മൈക്രോഫോൺ | ശബ്ദം റെക്കോർഡ് ചെയ്യുന്നതിനായി ഉപയോഗിക്കുന്നു |
| ടച്ച് സ്ക്രീൻ | ഇലക്ട്രോണിക് വിഷ്വൽ ഡിസ്പ്ലേയിൽ സ്പർശിച്ചുകൊണ്ട് ഇൻപുട്ട് സാധ്യമാക്കുന്ന |
| സ്കാനർ | പ്രിന്റ് രൂപത്തിലുള്ള ചിത്രങ്ങളോ, ടെക്സ്റ്റ് ഡാറ്റകളോ കമ്പ്യൂട്ടറിൽ സ്റ്റോർ ചെയ്യാൻ സാധിക്കുന്നു. |
| ലൈറ്റ് പെൻ | ലൈറ്റ് സെൻസിറ്റീവ് ഡയറക്റ്റിംഗ് കമ്പ്യൂട്ടർ ഇൻപുട്ട് ഉപകരണമാണ്. |

**<u>1.5 ഔട്ട്പുട്ട് ഡിവൈസ് :</u>**

ഒരു കമ്പ്യൂട്ടറിൽ നിന്ന് ഔട്ട്പുട്ട് പ്രദർശിപ്പിക്കുന്ന/പ്രിന്റ് ചെയ്യുന്ന ഉപകരണം.

<table>
<tr><th>ഔട്ട്പുട്ട് ഉപകരണം</th><th colspan="2">വിശദീകരണം</th></tr>
<tr><td colspan="3">1.5.1 Visual Display Unit (VDU)</td></tr>
<tr><td>കാഥോഡ് റേ ട്യൂബ് (CRT)</td><td colspan="2">ഒരു ഇലക്ട്രോൺ ബീം ഫോസ്ഫോറസെന്റ് പ്രതലത്തിൽ അടിക്കുമ്പോൾ ചിത്രങ്ങൾ നിർമ്മിക്കുന്ന ഒരു പ്രത്യേക വാക്വം ട്യൂബ്</td></tr>
<tr><td rowspan="5">ഫ്ലാറ്റ് പാനൽ മോണിറ്റർ</td><td colspan="2">CRT മോണിറ്ററുകളുമായി താരതമ്യം ചെയ്യുമ്പോൾ കനം കുറഞ്ഞതും, ഭാരം കുറഞ്ഞതും, കുറഞ്ഞ വൈദ്യുതി ഉപഭോഗം ചെയ്യുന്നതും, കുറഞ്ഞ ചൂട് പുറപ്പെടുവിക്കുന്നതുമാണ്.</td></tr>
<tr><td>ലിക്വിഡ് ക്രിസ്റ്റൽ ഡിസ്പ്ലേ (LCD ) മോണിറ്ററുകൾ</td><td>രണ്ടു പ്ലാസ്റ്റിക് പ്ലേറ്റുകൾക്കിടയിൽ ലിക്വിഡ് ക്രിസ്റ്റൽ അടങ്ങിയിരിക്കുന്നു. ഇലക്ട്രിക്ക് കറന്റ് ഇതിലൂടെ കടന്നുപോകുമ്പോൾ ഇമേജുകളായി പ്രത്യക്ഷപ്പെടുന്നു.</td></tr>
<tr><td>ലൈറ്റ് എമിറ്റിംഗ് ഡയോഡ് ( LED ) മോണിറ്ററുകൾ</td><td>ഇമേജ് പ്രകാശിപ്പിക്കുന്നതിന് ലിക്വിഡ് ക്രിസ്റ്റൽ ഡിസ്പ്ലേയ്ക്ക് ( LCD ) പിന്നിൽ നേരിട്ട് എൽഇഡി ഉപയോഗിക്കുന്നു. മെച്ചപ്പെട്ട നിലവാരം, വ്യക്തത, വൈദ്യുതി ലാഭിക്കൽ എന്നതാണ് ഗുണങ്ങൾ.</td></tr>
<tr><td>പ്ലാസ്മ മോണിറ്ററുകൾ</td><td>രണ്ടു ഗ്ലാസ് പ്ലേറ്റുകൾക്കിടയിൽ നിയോൺ/സെനോൺ വാതകം അടങ്ങിയിരിക്കുന്നു. അതിനുമുകളിലായുള്ള ഇലെക്ട്രോഡുകളുള്ള ഗ്ലാസ് പ്ലേറ്റിലൂടെ വോൾട്ടേജ് പൾസ് കടന്നുപോകുന്നതിന്റെ ഭാഗമായി വാതകം വ്യത്യസ്ത നിറങ്ങളിൽ പ്രകാശിക്കുന്നു.</td></tr>
<tr><td>ഓർഗാനിക് ലൈറ്റ് എമിറ്റിംഗ് ഡയോഡ് (OLED) മോണിറ്ററുകൾ</td><td>ദശലക്ഷക്കണക്കിന് ചെറിയ എൽഇഡികൾ കൊണ്ടാണ് ഒഎൽഇഡിയുടെ പാനൽ നിർമ്മിച്ചിരിക്കുന്നത്. ഭാരം കുറവ്, മികച്ച നിലവാരമുള്ള ചിത്രങ്ങൾ നിർമ്മിക്കുക, മികച്ച വീക്ഷണകോണുകൾ, കുറഞ്ഞ വൈദ്യുതി ഉപഭോഗം.വളരെ ചെലവേറിയവയാണ്.</td></tr>
</table>

TEACHBOOK.IN

| 1.5.2 **പ്രിന്റർ ( Printer )** | |
|---|---|
| ഡോട്ട് മാട്രിക്സ് പ്രിന്റർ (DMP) | പിന്നുകൾ മഷി പുരണ്ട റിബ്ബണിൽ അടിക്കുന്നതിന്റെ ഫലമായി പേപ്പറിൽ ഇമേജ്/ടെക്സ്റ്റ് രൂപപ്പെടുന്നു. |
| ഇങ്ക്ജെറ്റ് പ്രിന്റർ | പേപ്പറിലേക്കു ലിക്വിഡ് ഇങ്ക് സ്പ്രെ ചെയ്യുന്നു |
| ലേസർ പ്രിന്റർ | ലേസർ ബീം ഉപയോഗിച്ച് പ്രിന്റ് ചെയ്യേണ്ടവ ഡ്രമിൽ എത്തിക്കുന്നു.ഡ്രമിൽ ഇങ്ക് പൌഡർ സ്പ്രെ ചെയ്തു ചൂടാക്കി പേപ്പറിൽ പതിപ്പിക്കുന്നു. |
| തെർമൽ പ്രിന്റർ | ഒരു തെർമൽ പ്രിന്ററിന്റെ ഹെഡ് തെർമൽ പേപ്പറിൽ കൂടി കടന്നുപോയി തിരഞ്ഞെടുത്ത ഭാഗങ്ങളിൽ മാത്രം ചൂടാക്കി ഇമേജ് നിർമിക്കുന്നു. |
| **1.5.3 പ്ലോട്ടർ ( Plotter ) :** ഗ്രാഫുകളുടെയും ഡിസൈനുകളുടെയും ഹാർഡ്കോപ്പികൾ നിർമ്മിക്കാൻ ഉപയോഗിക്കുന്ന ഉപകരണമാണ് | |
| ഡ്രം പ്ലോട്ടർ/ റോളർ പ്ലോട്ടർ | കറങ്ങുന്ന ഡ്രമ്മിന്റെ ഉപരിതലത്തിൽ പേപ്പർ ഘടിപ്പിച്ചിരിക്കുന്നു. ഡ്രോയിംഗ് സിസ്റ്റം ഉപയോഗിച്ച് ഗ്രാഫുകൾ വരയ്ക്കുന്നു. |
| ഫ്ലാറ്റ്ബെഡ് പ്ലോട്ട (ടേബിൾ പ്ലോട്ടർ) | ഡ്രോയിംഗ് സിസ്റ്റം പേപ്പറിന് മുകളിലൂടെ നീങ്ങുകയും പേപ്പറിൽ ഗ്രാഫ് വരയ്ക്കുകയും ചെയ്യുന്നു |
| **1.5.4. ത്രീ ഡിമെൻഷനൽ (3D) പ്രിൻറർ :** പ്ലാസ്റ്റിക് കളിപ്പാട്ടങ്ങൾ, മെറ്റൽ മെഷീൻ ഭാഗങ്ങൾ തുടങ്ങി 3D വസ്തുക്കൾ പ്രിന്റ് ചെയ്യാൻ ഉപയോഗിക്കുന്നു. | |
| **1.5.5 ഓഡിയോ ഔട്ട്പുട്ട് ഉപകരണം :** ശബ്ദം പുറപ്പെടുവിക്കുന്ന ഔട്ട്പുട്ട് ഉപകരണമാണ് സ്പീക്കറുകൾ | |

**2. ******ഇ-വേസ്റ്റ് ( e-Waste / ഇ- മാലിന്യം )**

ഉപേക്ഷിക്കപ്പെട്ട ഇലക്ട്രിക്കൽ അല്ലെങ്കിൽ ഇലക്ട്രോണിക് ഉപകരണങ്ങളാണ് ഇ-വേസ്റ്റ്.

| *****ഇ-വേസ്റ്റ് നിർമാർജന രീതികൾ | |
|---|---|
| **പുനരുപയോഗം ( Reuse )** | സെക്കൻഡ് ഹാൻഡ് ഉപയോഗമോ കേടുപാടുകൾ പരിഹരിച്ചുള്ള ഉപയോഗമോ ആകുന്നു |
| **കത്തിച്ചുകളയുക ( Incineration )** | ഇൻസിനറേറ്ററുകളിൽ ഉയർന്ന താപനിലയിൽ മാലിന്യം കത്തിക്കുന്നു |
| **റീസൈക്ലിങ് ( Recycling )** | ഇ-വേസ്റ്റിൽ നിന്ന് പുതിയ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നപ്രക്രിയയാണിത്. |
| **കുഴിച്ചു മൂടുക( Land filling )** | മണ്ണ് കുഴിച്ച് അതിൽ ഇ-വേസ്റ്റ് കുഴിച്ചിടുന്നു |

**2.1 ഇ-വേസ്റ്റ് നിർമാർജനത്തിൽ വിദ്യാർത്ഥികളുടെ പങ്ക്**

- അനാവശ്യ ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങുന്നത് ഒഴിവാക്കുക.
- ഉപകരണങ്ങൾ തകരാറിലാകുമ്പോൾ പുതിയത് വാങ്ങുന്നതിന് പകരം നന്നാക്കാൻ ശ്രമിക്കുക.
- ഉപകരണങ്ങൾ റീസൈക്കിൾ ചെയ്യാൻ ശ്രമിക്കുക
- ഡിസ്പോസിബിൾ ബാറ്ററികൾക്ക് പകരം റീചാർജബിൾ ഉപകരണം വാങ്ങുക

TEACHBOOK.IN

**3. ഗ്രീൻ കമ്പ്യൂട്ടിംഗ് / ഗ്രീൻ ഐ.ടി**

പ്രകൃതിക്കു കോട്ടം തട്ടാതെയുള്ള സാങ്കേതികവിദ്യയുടെ പഠനവും ഉപയോഗവുമാണിത്.

**3.1. ഗ്രീൻ കമ്പ്യൂട്ടിംഗ് പ്രോത്സാഹിപ്പിക്കുന്നതിന് ഉപയോഗിക്കുന്ന 4 രീതികൾ**

ഗ്രീൻ ഡിസൈൻ,ഗ്രീൻ മാനുഫാക്ച്ചറിങ്, ഗ്രീൻ യൂസ്, ഗ്രീൻ ഡിസ്പോസൽ

**4.സോഫ്റ്റ്‌വെയർ :**

കമ്പ്യൂട്ടറിനെ പ്രവർത്തിക്കുവാനാവശ്യമായ ഒരു കൂട്ടം പ്രോഗ്രാമുകളാണ് സോഫ്റ്റ്‌വെയർ.

**2 തരം സോഫ്റ്റ്‌വെയർ :**

**4.1. സിസ്റ്റം സോഫ്റ്റ്‌വെയർ :** ഒരു കമ്പ്യൂട്ടറിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ രൂപകൽപ്പന ചെയ്ത പ്രോഗ്രാമുകളുടെ ഒരു കൂട്ടമാണിത് **. 3 തരം സിസ്റ്റം സോഫ്റ്റ്വെയറിന്റെ ഘടകങ്ങൾ :**

**<u>4.1.A. ഓപ്പറേറ്റിംഗ് സിസ്റ്റം (OS)</u> :** യൂസറിനും ഹാർഡ് വെയറിനും ഇടയിൽ ഇന്റർഫേസ് ആയി പ്രവർത്തിക്കുന്ന സിസ്റ്റം സോഫ്റ്റ് വെയറാണ് ഓപ്പറേറ്റിംഗ് സിസ്റ്റം.

*******<u>ഓപ്പറേറ്റിംഗ് സിസ്റ്റത്തിന്റെ 4 പ്രധാന പ്രവർത്തനങ്ങൾ</u>**

**4.1.A.1 പ്രോസസ്സ് മാനേജ്മെന്റ് :** ഓപ്പറേറ്റിംഗ് സിസ്റ്റത്തിൽ ഒരേസമയം പ്രവർത്തിക്കുന്ന നിരവധി പ്രോസസ്സുകൾ കൈകാര്യം ചെയ്യുന്നതിനുള്ള ഒരു നടപടിക്രമമാണിത്.

**4.1.A.2 മെമ്മറി മാനേജ്മെന്റ് :**ഒരു കമ്പ്യൂട്ടറിന്റെ പ്രധാന മെമ്മറി നിയന്ത്രിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുന്നു.

**4.1.A.3 ഫയൽ മാനേജ്മെന്റ് :** ഫയൽ സ്റ്റോറിങ്,വീണ്ടെടുക്കൽ, ഷെയറിങ്, പ്രൊട്ടക്ഷൻ തുടങ്ങിയ ഫയലുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചെയ്യുന്നു.

**4.1.A.4 ഡിവൈസ് മാനേജ്മെന്റ് :**കമ്പ്യൂട്ടറിൽ ഘടിപ്പിച്ചിരിക്കുന്ന ഹാർഡ് വെയർ ഡിവൈസുകളെ നിയന്ത്രിക്കുന്നു.

*! **OSന് ഉദാഹരണം** : DOS, Windows, Unix, Linux, Mac iOS, Ubuntu, Android OS

***** **<u>4.1.B. ലാംഗ്വേജ് പ്രോസസ്സറുകൾ</u> :** കമ്പ്യൂട്ടറിനു മനസിലാകുന്ന മെഷീൻ ഭാഷയിലേക്കു ഹൈ-ലെവൽ & അസംബ്ലി ഭാഷകളെ മാറ്റുന്നു.

******<u>വ്യത്യസ്ത തരം ലാംഗ്വേജ് പ്രോസസ്സറുകൾ</u>**

**4.1.B.1. അസ്സെംബ്ലർ :** അസംബ്ലി ലാംഗ്വേജിലുള്ള കോഡിനെ മെഷീൻ ഭാഷയിലേക്കു മാറ്റുന്നു.

**4.1.B.2. ഇന്റെർപ്രെറ്റർ :** ഹൈലെവൽ ലാംഗ്വേജിലുള്ള പ്രോഗ്രാമിനെ ഓരോ വരിവരിയായി മെഷീൻ ലാംഗ്വേജിലേക്ക് പരിവർത്തനം മാറ്റുന്നു.

**4.1.B.3. കംപൈലർ :** ഹൈലെവൽ ലാംഗ്വേജിലുള്ള പ്രോഗ്രാമിന്റെ മുഴുവൻ ലൈനുകളും ഒരേ സമയം മെഷീൻ ലാംഗ്വേജിലേക്ക് മാറ്റുന്നു.

***** **4.1.C. യൂട്ടിലിറ്റി സോഫ്റ്റ് വെയർ :** സിസ്റ്റം മെയിന്റനൻസ് ജോലികളിൽ സഹായിക്കുന്ന പ്രോഗ്രാമുകളാണിത്.

**ഉദാഹരണം :** കംപ്രഷൻ ടൂൾസ് , ഡിസ്ക് ഡീഫ്രാഗ്മെന്റർ , ബാക്കപ്പ് സോഫ്റ്റ്‌വെയർ , ആൻറിവൈറസ്

**4.2. അപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ:**

ഒരു പ്രത്യേക ആവശ്യത്തിനായി നിർമിക്കുന്ന സോഫ്റ്റ്-വേറുകളാണിത്.

**4.2.A പൊതു ആവശ്യത്തിനുള്ള സോഫ്റ്റ്‌വെയർ പാക്കേജുകൾ :** വേർഡ് പ്രോസസ്സിംഗ് സോഫ്റ്റ്‌വെയർ, സ്പ്രെഡ്ഷീറ്റ്, പ്രസന്റേഷൻ സോഫ്റ്റ്‌വെയർ,ഡാറ്റാബേസ് സോഫ്റ്റ്‌വെയർ,മൾട്ടിമീഡിയ സോഫ്റ്റ്‌വെയർ

**4.2.B പ്രത്യേക ആവശ്യത്തിനുള്ള സോഫ്റ്റ്‌വെയർ :**

**ഉദാഹരണം:** പേറോൾ സിസ്റ്റം ,ഇൻവെന്ററി മാനേജ്മന്റ്,സിസ്റ്റം ,ഹ്യൂമൻ റിസോഴ്സ് മാനേജ്മന്റ് സിസ്റ്റം.

TEACHBOOK.IN

**5. ഫ്രീ & ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ :**

ഉപയോക്താവിന് സോഫ്റ്റ്‌വെയർ ഉപയോഗിക്കാനും പകർത്താനും,വിതരണം ചെയ്യാനും,പരിശോധിക്കുക,

മാറ്റം വരുത്തുക, മെച്ചപ്പെടുത്തുക എന്നിവയ്ക്ക് സ്വാതന്ത്ര്യം നൽകുന്നു.

********ഉപയോക്താവിന് നൽകിയിരിക്കുന്ന സ്വാതന്ത്ര്യം ഏതെല്ലാം?**

**ഫ്രീഡം 0 : ഏത് ആവശ്യത്തിനും പ്രോഗ്രാം പ്രവർത്തിപ്പിക്കാനുള്ള സ്വാതന്ത്ര്യം**

**ഫ്രീഡം 1 :പ്രോഗ്രാം എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് പഠിക്കാനും, മാറ്റം വരുത്തുവാനുള്ള സ്വാതന്ത്ര്യം.**

**ഫ്രീഡം 2 : സോഫ്റ്റ്‌വെയറിന്റെ പകർപ്പുകൾ വിതരണം ചെയ്യാനുള്ള സ്വാതന്ത്ര്യം.**

**ഫ്രീഡം 3 : പ്രോഗ്രാം മെച്ചപ്പെടുത്താനും ,മെച്ചപ്പെടുത്തലുകൾ പൊതുജനങ്ങൾക്ക് നൽകാനുമുള്ള സ്വാതന്ത്ര്യം.**

ഉദാഹരണം : ഗ്നു/ലിനക്സ് ,ജിമ്പ്,മോസില്ല ഫയർഫോക്സ്,ഓപ്പൺഓഫീസ്.org

********6. ഫ്രീവെയർ & ഷെയർവെയർ :**

| ഫ്രീവെയർ | ഷെയർവെയർ |
|---|---|
| ഇന്റർനെറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്ത് സൗജന്യമായി ഉപയോഗിക്കാവുന്നതാണ് | വിലകൊടുത്തു വാങ്ങുന്നതിന് മുമ്പ് സോഫ്റ്റ്‌വെയർ ഉപയോഗിച്ച നോക്കുവാൻ അവസരം നൽകുന്നു |
| സോഫ്ട്‌വെയറിന്റെ എല്ലാ ഫീച്ചറും സൗജന്യമായി ലഭിക്കുന്നു | എല്ലാ ഫീച്ചറും ലഭ്യമല്ല എന്നാൽ വിലകൊടുത്തു വാങ്ങിയാൽ എല്ലാ ഫീച്ചറും ലഭ്യമാക്കാം |
| സൗജന്യമായി സോഫ്റ്റ്‌വെയർ വിതരണം ചെയ്യാം | സൗജന്യമായോ അല്ലാതെയോ വിതരണം ചെയ്യാൻ പാടില്ല |

**7. ഹ്യൂമൻവെയർ/ ലൈവ് വെയർ :** കമ്പ്യൂട്ടർ ഉപയോഗിക്കുന്ന മനുഷ്യരെ സൂചിപ്പിക്കുന്നു.

**വ്യത്യസ്ത ഹ്യൂമൻ വെയർ :** സിസ്റ്റം അഡ്മിനിസ്ട്രേറ്റർ,സിസ്റ്റം മാനേജർ,സിസ്റ്റം അനലിസ്റ്റ്,ഡാറ്റാബേസ് അഡ്മിനിസ്ട്രേറ്റർ, കമ്പ്യൂട്ടർ എഞ്ചിനീയർ,കമ്പ്യൂട്ടർ പ്രോഗ്രാമർ,കമ്പ്യൂട്ടർ ഓപ്പറേറ്റർ

TEACHBOOK.IN

## XI - CHAPTER - 3

## DATA PROCESSING WITH ELECTRONIC SPREADSHEET

**1. എന്താണ് ഇലക്ട്രോണിക് സ്പ്രെഡ്ഷീറ്റ് ?**: ഡാറ്റയുടെ കണക്കുകൂട്ടൽ, ഓർഗനൈസേഷൻ, വിശകലനം, സംഭരണം എന്നിവയെല്ലാം ടേബിൾ രൂപത്തിൽ അവതരിപ്പിക്കുന്ന ഒരു കമ്പ്യൂട്ടർ അപ്ലിക്കേഷൻ.

**2. ഇലക്ട്രോണിക് സ്പ്രെഡ്ഷീറ്റിന്റെ സവിശേഷതകൾ**

- അനേകം ഡാറ്റ ടേബിൾ രൂപത്തിൽ സംഭരിക്കാം
- ഫോർമുലകളും ഫംഗ്ഷനുകളും ഉപയോഗിച്ച് കണക്കുകൂട്ടലുകൾ, താരതമ്യങ്ങൾ, വിശകലനം എന്നിവ നടത്താം.
- ബന്ധപ്പെട്ട ഡാറ്റയിൽ മാറ്റം വരുത്തിയാൽ, റിസൾട്ടും അപ്ഡേറ്റ് ആകുന്നു.
- അലൈൻമെന്റ്, ബോർഡറുകൾ, മെർജ് സെൽ, ഫോണ്ട് സെറ്റിങ് തുടങ്ങിയ ടെക്സ്റ്റ് ഫോർമാറ്റിംഗ് സവിശേഷതകൾ നൽകുന്നു.
- സോർട്ടിംഗ്, ഫിൽട്ടറിംഗ് തുടങ്ങിയ സൗകര്യങ്ങൾ ഉണ്ട്.
- ഗ്രാഫിക്കൽ-ഡാറ്റ വിശകലനത്തിനായി ചാർട്ടുകൾ നിർമിക്കാം.

**3. സ്പ്രെഡ്ഷീറ്റിന്റെ അടിസ്ഥാനകാര്യങ്ങൾ**

**സെൽ :** റോയും കോളവും കൂടിച്ചേരുന്നിടം. വർക്ക് ഷീറ്റിലെ ഏറ്റവും ചെറിയ യൂണിറ്റ് ആണിത്.

**ആക്റ്റീവ് സെൽ :** ബോൾഡ് ബൗണ്ടറിയുള്ള സെല്ലിൽ മാത്രമേ ഡാറ്റ നൽകാനാകൂ.

**4. വർക്ക്ഷീറ്റ് വിൻഡോയുടെ ഘടകങ്ങൾ**

- **ടൈറ്റിൽ ബാർ:** ഫയലിന്റെയും, സോഫ്റ്റ് വെയറിന്റെയും പേര് കാണപ്പെടുന്ന വിൻഡോയുടെ മുകളിലെ ഭാഗം.
- **മെനു ബാർ :** ഫയൽ, എഡിറ്റ്, വ്യൂ , ഇൻസേർട്ട് തുടങ്ങിയ മെനു ഓപ്ഷനുകൾ കാണാം.
- **ടൂൾ ബാർ :** പ്രധാനപ്പെട്ട കമാൻഡ്കളുടെ ഷോർട് കട്ട് ബട്ടൺ കാണപ്പെടുന്നു.
- **ഫോർമുല ബാർ:** ഫോർമുലകൾ ഉൾപ്പെടുന്ന ഭാഗം
- **ഷീറ്റ് ടാബ് :** വർക്ക് ഷീറ്റിനു താഴെ ഇടതുവശത്ത് ദൃശ്യമാകുന്ന ചതുരാകൃതിയിലുള്ള ടാബുകളാണ്. ഡിഫോൾട് ആയി 3 ടാബുകളുണ്ടാകും
- **സ്റ്റാറ്റസ് ബാർ :** വർക്ക്ഷീറ്റിന്റെ നിലവിലെ അവസ്ഥ കാണപ്പെടുന്നു.

*******5. സെല്ലിൽ നൽകാവുന്ന ഡാറ്റകൾ ( ഡാറ്റ ടൈപ്പുകൾ )**

➤ ***നമ്പർ*** ➤ ***ടെക്സ്റ്റ്*** ➤ ***തീയതിയും സമയവും*** ➤ ***ഫോർമുല***

**6. സ്പ്രെഡ്ഷീറ്റ് ഫോർമാറ്റ് ചെയ്യുന്ന വിധം**

സ്പ്രെഡ്ഷീറ്റിലുള്ള ഡാറ്റയുടെ രൂപഭംഗിയും, ക്രമീകരണവമാണ് ഫോർമാറ്റിംഗ്. അതിലൂടെ വർക്ക് ഷീറ്റിനെ ആകർഷകമാക്കുന്നു.

**6.1. ഫോർമാറ്റിംഗ് സെൽ :**

Step 1 : Format Cells

Step 2 : Format Cells എന്ന ഡയലോഗ് ബോക്സിലെ വ്യത്യസ്ത tab ഉപയോഗിക്കാം.

**6.2. ഫോർമാറ്റ് കോളം** : Format -> Column

**6.3. ഫോർമാറ്റ് റോ** : Format -> Row

**6.4 ഫോർമാറ്റ് ഷീറ്റ്** : Format -> Sheet

*****6.5 മെർജ് സെൽ :** ഒന്നിലധികം സെല്ലുകളെ ഒരു സെല്ലിലേക്ക് യോജിപ്പിക്കുന്നതാണിത്.

Step 1 : യോജിപ്പിക്കേണ്ട സെല്ലുകൾ തിരഞ്ഞെടുക്കുക.

Step 2 : Format -> Merge Cells

TEACHBOOK.IN

**7. സെൽ,റോ,കോളം & വർക്ക് ഷീറ്റ് ഇൻസേർട് ചെയ്യുന്ന വിധം**

7.1. **സെൽ ഇൻസേർട് :** Step 1 : പുതിയ സെൽ ചേർക്കേണ്ട ഭാഗത്തെ സെൽ സെലക്ട് ചെയ്യുക.

Step 2 : Sheet -> Insert -> Cells

7.2. **റോ ഇൻസേർട് :**

Step 1 : പുതിയ റോ ഇൻസേർട് ചെയ്യേണ്ട ഭാഗത്തെ സെൽ സെലക്ട് ചെയ്യുക.

Step 2 : Sheet -> Insert -> Row

7.3. **കോളം ഇൻസേർട് :** Step 1 : പുതിയ കോളം ചേർക്കേണ്ട ഭാഗത്തെ സെൽ സെലക്ട് ചെയ്യുക.

Step 2 : Sheet -> Insert -> Column

7.4. **ഷീറ്റ് ഇൻസേർട് :** Step 1 : Sheet -> Insert -> Sheet

**8. സെൽ,റോ,കോളം & വർക്ക് ഷീറ്റ് ഡിലീറ്റ് ചെയ്യുന്ന വിധം**

8.1. **സെൽ ഡിലീറ്റ് :** Step 1 : ഡിലീറ്റ് ചെയ്യേണ്ട സെൽ സെലക്ട് ചെയ്യുക.

Step 2 : Sheet -> Delete Cells

Step 3 : വരുന്ന ഡയലോഗ് ബോക്സിൽ ആവശ്യമായ ഓപ്ഷൻ സെലക്ട് ചെയ്യുക

Step 4 : OK ബട്ടൺ ക്ലിക്ക് ചെയ്യുക.

8.2. **റോ ഡിലീറ്റ് :** Step 1 : ഡിലീറ്റ് ചെയ്യേണ്ട റോ സെലക്ട് ചെയ്യുക.

Step 2 : Sheet -> Delete Row

8.3. **കോളം ഡിലീറ്റ് :** Step 1 : ഡിലീറ്റ് ചെയ്യേണ്ട കോളം സെലക്ട് ചെയ്യുക.

Step 2 : Sheet -> Delete Column

8.4. **ഷീറ്റ് ഡിലീറ്റ് :** Step 1 : ഡിലീറ്റ് ചെയ്യേണ്ട Sheet സെലക്ട് ചെയ്യുക.

Step 2 : Sheet -> Delete Sheet

Step 3 : വരുന്ന ഡയലോഗ് ബോക്സിൽ Yes/No ക്ലിക്ക് ചെയ്യുക.

**9. സ്പ്രെഡ്ഷീറ്റുകളിലെ എഡിറ്റിംഗ് ഫീച്ചറുകൾ**

9.1. സെൽ റേഞ്ച് ഫിൽ ചെയ്യുന്ന വിധം :

****കോളത്തിൽ 1 മുതൽ 100 വരെയുള്ള തുടർച്ചയായ സംഖ്യകൾ എങ്ങനെ നൽകും

Step 1 : ആദ്യത്തെ സെല്ലിൽ വാല്യൂ 1 മുതൽ 100 വരെ സെലക്ട് ചെയ്യുക.

Step 2 : Sheet -> Fill Cells -> Series

Step 3 : Fill Series ഡയലോഗ് ബോക്സിൽ Start value: 1 & Increment: 1 എന്റർ ചെയ്യുക -> OK

**അല്ലെങ്കിൽ**

സെല്ലിൽ ആദ്യനമ്പർ 1 ടൈപ്പ് ചെയ്യുക. മൗസ് ഉപയോഗിച്ചു സെല്ലിന്റെ മൂലയിൽ ക്ലിക്ക് ചെയ്തു കൊണ്ട് 100 മത്തെ സെൽ വരെ ഡ്രാഗ് ചെയ്യുക.

9.1.1. സെല്ലുകൾ കോപ്പി ചെയ്യുന്നതിനുമുള്ള മാർഗങ്ങൾ

Step 1 : കോപ്പി ചെയ്യേണ്ട സെൽ സെലക്ട് ചെയ്യുക

Step 2 : Edit -> Copy or **Ctrl+C**

Step 3 : പേസ്റ്റ് ചെയ്യേണ്ട സെൽ സെലക്ട് ചെയ്യുക

Step 4 : Edit -> Paste or **Ctrl+V**

9.1.2. മൂവ് ചെയ്യുന്നതിനുമുള്ള മാർഗങ്ങൾ

Step 1 : മൂവ് ചെയ്യേണ്ട സെൽ സെലക്ട് ചെയ്യുക

Step 2 : Edit -> Cut or **Ctrl+X**

Step 3 : പേസ്റ്റ് ചെയ്യേണ്ട സെൽ സെലക്ട് ചെയ്യുക

Step 4 : Edit -> Paste or **Ctrl+V**

TEACHBOOK.IN

*****<u>**10. റോ & കോളം ഫ്രീസ് ചെയ്യുന്ന വിധം**</u>

വർക്ക്ഷീറ്റ് സ്ക്രോൾ ചെയ്യുമ്പോൾ തിരഞ്ഞെടുത്ത റോ & കോളം സ്ഥാന ചലനം സംഭവിക്കാതെ ലോക്ക് ചെയ്യുന്നു.

Step 1 : ഫ്രീസ് ചെയ്യേണ്ട റോ / കോളം സെലക്ട് ചെയ്യുക

Step 2 : View -> Freeze Cells -> Freeze First Columns അല്ലെങ്കിൽ Freeze First Row ക്ലിക്ക് ചെയ്യുക.

<u>**10.1 ഫ്രീസിങ്ങിന്റെ ഗുണം**</u>

ഹെഡിങ് ഉൾപ്പെടുന്ന ആദ്യ റോയോ കോളമോ ഫ്രീസ് ( ലോക്ക് ) ചെയ്യുന്നതിലൂടെ വർക്ക്ഷീറ്റിന്റെ ഏതൊരു ഏരിയയിലേക്കും സ്ക്രോൾ ചെയ്യുമ്പോൾ, ഹെഡിങ് നിശ്ചലമായിരിക്കുകയും കൃത്യമായി ഡാറ്റ ഐഡന്റിഫൈ ചെയ്യാനും സാധ്യമാക്കുന്നു.

********11. സെൽ റഫറൻസിങ് :** സെൽ റഫറൻസ് സെല്ലിന്റെ അഡ്രസ് ആയി പ്രവർത്തിക്കുന്നു.

**ഉദാ :** B2 എന്നത് കോളം B-യിലെ രണ്ടാമത്തെ സെല്ലിനെ സൂചിപ്പിക്കുന്നു.

<u>**റിലേറ്റീവ് സെൽ റഫറൻസ്**</u> **:**

ഒരു സെല്ലിൽ നിന്ന് മറ്റൊരു സെല്ലിലേക്ക് ഫോർമുലയും മറ്റും കോപ്പി ചെയ്യപെടുമ്പോഴും, autofill ഉപയോഗിക്കുമ്പോഴും സെല്ലിനനുസരിച് അഡ്രസ് മാറുന്നു.

<u>**അബ്സല്യൂട് സെൽ റഫറൻസ് :**</u>ഒരേ ഫോർമുല ഒരു സെല്ലിൽ നിന്ന് മറ്റു സെല്ലിലേക്ക് കോപ്പി ചെയ്യുമ്പോൾ, അതിന്റെ സെൽ അഡ്രസ് മാറേണ്ട ആവശ്യമില്ല. ഇവിടെ Absolute സെൽ റഫറൻസ് ഉപയോഗിക്കുന്നു.Eg:Relative - A3 & Absolute - $A$3

**12. പേജ് ഫോർമാറ്റിംഗ് & വർക്ക്ഷീറ്റ് പ്രിന്റ്**

**12.1 പ്രിന്റ് റേഞ്ച് :** സ്പ്രെഡ്ഷീറ്റിലെ ഡാറ്റയുടെ ഒരു പ്രത്യേക ഭാഗമോ കോളമോ റോയോ മാത്രം പ്രിന്റ് ചെയ്യാൻ അനുവദിക്കുന്നു.

Step 1 : Format -> Print Ranges -> Edit

Step 2 : ആവശ്യമായ വാല്യൂ എന്റർ ചെയ്തു OK ക്ലിക്ക് ചെയ്യുക.

12.2. ഹെയ്ഡർ & ഫൂട്ടർ : പേജിന്റെ മുകളിലെ ടെക്സ്റ്റ്, ഹെഡ്റും താഴെ ഫൂട്ടറും കാണപ്പെടുന്നു.

Step 1 : Insert -> Headers and Footers

Step 2 : ആവശ്യമായ വാല്യൂ എന്റർ ചെയ്തു OK ക്ലിക്ക് ചെയ്യുക.

12.3. പേജ് ബ്രേക്കുകൾ : വർക്ക്ഷീറ്റിന്റെ ഉള്ളടക്കം ദൈർഘ്യമേറിയതാണെങ്കിൽ, പ്രിന്റ് ചെയ്യുമ്പോൾ പേപ്പറിന്റെ വലിപ്പം അനുസരിച്ച് പേജ് ബ്രേക്കുകൾ ചേർക്കുന്നു.

12.4. പേജ് സ്റ്റൈൽ സെറ്റിങ് : പേപ്പർ വലുപ്പം / ഫോർമാറ്റ്, ഓറിയന്റേഷനും മാർജിനുകളും സജ്ജമാക്കാൻ.

Step 1 : Format -> Page Style -> Page

Step 2 : ആവശ്യമായ വാല്യൂ എന്റർ ചെയ്തു OK ക്ലിക്ക് ചെയ്യുക. ലാൻഡ്സ്കേപ്പ് ഓറിയെന്റഷൻ ഹൊറിസോണ്ടൽ ലേഔട്ട് ആണ്. പോർട്രൈറ്റ് ലേഔട്ട് വെർട്ടിക്കലുമാണ്.

TEACHBOOK.IN

## X1 - CHAPTER - 4

## DATA ANALYSIS USING SPREADSHEET

**1. ഫോർമുല :** സെല്ലിൽ വാല്യൂ കാണുന്നതിന് ഉപയോഗിക്കുന്ന സ്പ്രെഷനാണിത്.

**ഫംഗ്ഷനുകൾ :** സ്പ്രെഡ്ഷീറ്റുകളിൽ മുൻകൂട്ടി നിശ്ചയിച്ചിരിക്കുന്ന ഫോർമുലകളാണിത്.

| | **ഫംഗ്ഷനുകൾ** | **ഉപയോഗം** |
|---|---|---|
| **മാത്തമാറ്റിക്കൽ ഫംഗ്ഷനുകൾ** | **SUM ( )** | ഒരു കൂട്ടം സംഖ്യകളുടെയും,റേഞ്ചിലെ സംഖ്യകളുടെയും തുക കാണുന്നതിന്. **Syntax : = SUM ( Number1,Number2,Number3,........)** |
| | **ROUND( )** | സംഖ്യയെ നിശ്ചിത ദശാംശ സ്ഥാനങ്ങളിലേക്ക് റൗണ്ട് ചെയ്യുന്നു **Syntax: =ROUND ( Number ,Count)** |
| | **ROUND UP( )** | സംഖ്യയെ അതിന്റെ ഏറ്റവും അടുത്തുള്ള പൂർണ്ണസംഖ്യയിലേക്ക് റൗണ്ട് ചെയ്യുന്നു. **Syntax : = ROUNDUP( Number ,Count)** |
| | **ROUND DOWN( )** | ദശാംശ സ്ഥാനത്തുള്ള അക്കത്തിന്റെ വലതു വശത്തുള്ള അക്കങ്ങൾ നീക്കം ചെയ്യുവാൻ. **Syntax : = ROUNDDOWN ( Number ,Count)** |
| | **COUNTIF( )** | ഒരു റേഞ്ചിൽ തന്നിരിക്കുന്ന കണ്ടീഷന് വിധേയമായി വരുന്ന വിലകളുടെ എണ്ണം കാണുന്നു. **Syntax :** = COUNTIF (Range, Criteria) |
| **സ്റ്റാറ്റിസ്റ്റിക്കൽ ഫംഗ്ഷനുകൾ** | **AVERAGE( )** | ഒരു കൂട്ടം (റേഞ്ചിൽ) സംഖ്യകളുടെ ആവറേജ് കാണുന്നതിന് **Syntax: AVERAGE ( Number1, Number2,Number3..)** |
| | **MAX( )** | ഒരു കൂട്ടം (റേഞ്ചിൽ)സംഖ്യകളിൽ നിന്ന് ഏറ്റവും വലിയ കാണുന്നതിന്. **Syntax:** MAX ( Number1, Number2,Number3..) |
| | **MIN( )** | ഒരു കൂട്ടം (റേഞ്ചിൽ) സംഖ്യകളിൽ നിന്ന് ഏറ്റവും ചെറിയ കാണുന്നതിന്. **Syntax: MIN ( Number1, Number2,Number3..)** |
| | **COUNT( )** | ആർഗ്യുമെന്റിൽ (റേഞ്ചിൽ) കൊടുത്തിരിക്കുന്ന സംഖ്യകളുടെ എണ്ണം കാണുന്നതിന്. **Syntax: COUNT ( Number1, Number2,Number3..)** |
| **ലോജിക്കൽ ഫംഗ്ഷനുകൾ** | **IF()** | നൽകുന്ന കണ്ടീഷൻ ശരിയോ,തെറ്റോ അനുസരിച്ച വാല്യൂ നൽകുന്നു. **Syntax: =IF(Condition,Truevalue,Falsevalue)** |
| | **AND()** | ആർഗ്യുമെന്റിലെ എല്ലാ കണ്ടിഷനും ശരിയാണെങ്കിൽ മാത്രം TRUE വാല്യൂ നൽകുന്നു,അല്ലാതെ വന്നാൽ FALSE വാല്യൂ നൽകുന്നു. **Syntax: AND(Logical value1, Logical value2,........)** |
| | **OR()** | ആർഗ്യുമെന്റിലെ ഏതെങ്കിലും ഒരു കണ്ടീഷൻ TRUE ആണെങ്കിൽ TRUE നൽകുന്നു, ഏതെങ്കിലും FALSE ആയാൽ മാത്രം false നൽകുന്നു. **Syntax : OR(Logical value1, Logical value2,........)** |
| | **NOT()** | NOT ഫംഗ്ഷൻ TRUE എന്നത് FALSE ആയും FALSE എന്നത് TRUE ആയും മാറ്റുന്നു. **Syntax : NOT ( Logical value)** |
| **ടെക്സ്റ്റ് ഫംഗ്ഷനുകൾ** | **UPPER( )** | വാചകം വലിയക്ഷരത്തിലേക്ക് (Capital /Uppercase letter )മാറ്റുന്നു. **Syntax :** UPPER(Text) |
| | **LOWER()** | വാചകം ചെറിയ അക്ഷരത്തിലേക്ക് മാറ്റുന്നു.(Small /lowercase ) **Syntax : LOWER(Text)** |
| | **LEN()** | ടെക്സ്റ്റിലെ അക്ഷരങ്ങളുടെ എണ്ണം കാണുന്നു. **Syntax : LEN(Text)** |

TEACHBOOK.IN

**2. നെസ്റ്റഡ് ഫംഗ്ഷനുകൾ :** ഫംഗ്ഷന്റെ ഉള്ളിൽ മറ്റൊരു ഫംഗ്ഷൻ ഉൾപ്പെടുത്തുന്നു.

**3. ഡാറ്റ മാനിപുലേഷൻ :** സ്പ്രെഡ്ഷീറ്റിൽ ഒരു പ്രത്യേക ഡാറ്റ കണ്ടെത്താൻ ഉപയോഗിക്കുന്നു.

**3.1 സോർട്ടിങ് :** ഒന്നോ അതിലധികമോ കോളങ്ങളിൽ ഡാറ്റയെ ആരോഹണ അല്ലെങ്കിൽ അവരോഹണ ക്രമത്തിലാക്കുന്നു.

Step 1 : ടേബിളിനെ സെലക്ട് ചെയ്യുക

Step 2 : MenuBar–>**Data** --> Sort

Step 3 : Sort by ലിസ്റ്റിൽ നിന്നും ആവശ്യമായ കോളം സെലക്ട് ചെയ്യുക

Step 4 : ആരോഹണമോ അവരോഹണമോ എന്ന് സെലക്ട് ചെയ്യുക.

Step 5 : OK ബട്ടൺ ക്ലിക്ക് ചെയ്യുക.

**3.2 ഫിൽറ്ററിങ് :** കണ്ടീഷന് അടിസ്ഥാനമാക്കി ഡാറ്റകൾ ഡിസ്‌പ്ലെ ചെയ്യുന്നു.മറ്റുള്ളവ മറച്ചു വെക്കുന്നു.നമുക്ക് വേണ്ട വിവരങ്ങൾ മാത്രം വേഗത്തിൽ നൽകുന്നു.

3.2.A. **Auto filter :** ഓരോ കോളത്തിലും കാണുന്ന ഡ്രോപ്പ് ഡൌൺ ലിസ്റ്റിലെ വിലകളെ അടിസ്ഥാനമാക്കി പ്രത്യേക റോകളെ മാത്രം ഡിസ്‌പ്ലെ ചെയ്യുന്നു.

Step 1 : ടേബിളിനെ സെലക്ട് ചെയ്യുക.

Step 2 : Data → Filter → AutoFilter

3.2.A. **സ്റ്റാൻഡേർഡ് ഫിൽറ്റർ :** ഒന്നോ അതിലധികമോ ലോജിക്കൽ കണ്ടിഷൻ ഉപയോഗിച്ച് ഡാറ്റയെ ഫിൽറ്റർ ചെയ്യുന്നു.

Step 1 : ടേബിളിനെ സെലക്ട് ചെയ്യുക.

Step 2 : Data → Filter → Standard Filter

**4. ചാർട്ട്** : കൂടുതൽ മനസ്സിലാക്കാവുന്ന രീതിയിൽ ഡാറ്റയെ ചിത്രരൂപത്തിൽ അവതരിപ്പിക്കുന്നു. അതിലൂടെ വളരെ എളുപ്പത്തിൽ താരതമ്യം സാധ്യമാക്കുന്നു.


Steps 1 : ഡാറ്റ റേഞ്ച് സെലക്ട് ചെയ്യുക

Step 2 : Insert → Chart

Step 3 : **Chart Type**സെലക്ട് ചെയ്യുക.

Step 4 : Chart Elementsൽ ക്ലിക്ക് ചെയ്യുക.

Step 5 : Finishൽ ക്ലിക്ക് ചെയ്യുക.




**4.1 വിവിധ തരാം ചാർട്ടുകൾ**

4.1.A. **ബാർ ചാർട്ട് :** തിരശ്ചീനമായി ചതുരാകൃതിയിലുള്ള ബാറുകളിൽ ഡാറ്റ പ്രദർശിപ്പിക്കുന്നു.

4.1.B**. കോളം ചാർട്ട്** : ഡാറ്റകൾ ലംബമായ കോളങ്ങളായി അവതരിപ്പിക്കുന്നു.

4.1.C. **ലൈൻ ചാർട്ട് :** നേർരേഖകളാൽ ബന്ധിപ്പിച്ചിട്ടുള്ള ഡാറ്റാ പോയിന്റുകൾ പ്രദർശിപ്പിക്കുന്നു.

4.1.D. **പൈ ചാർട്ട് :** സംഖ്യാ അനുപാതങ്ങൾ വൃത്താകൃതിയിൽ കാണിക്കുന്നു.

**4.2 ചാർട്ട് ഘടകങ്ങൾ ( ചാർട്ട് എലെമെന്റ്സ് )**

- **ചാർട്ട് ഏരിയ :** ചാർട്ട് ഉൾകൊള്ളുന്ന ഭാഗം
- **ചാർട്ട് ടൈറ്റിൽ :** ചാർട്ടിന്റെ ടൈറ്റിൽ
- **X ആക്സിസ് ടൈറ്റിൽ : X-Axis**ലെ ഡാറ്റ റേഞ്ചിന്റെ ടൈറ്റിൽ
- **Y ആക്സിസ് ടൈറ്റിൽ : Y-Axis**ലെ ഡാറ്റ റേഞ്ചിന്റെ ടൈറ്റിൽ
- **X ആക്സിസ് കാറ്റഗറി :** ഗ്രാഫ് നിർമ്മിക്കാനുപയോഗിക്കുന്ന ഡാറ്റയുടെ വിഭാഗം
- **Y ആക്സിസ് വാല്യൂ :** ഡാറ്റ ശ്രേണി പ്ലോട്ട് ചെയ്യാൻ അടയാളപ്പെടുത്തിയ ഡാറ്റ റേഞ്ച്
- **ഡാറ്റ ലേബെൽസ് :** ഗ്രാഫ് നിർമ്മിക്കാനുപയോഗിക്കുന്ന ഡാറ്റ ശ്രേണിയുടെ വിലകൾ
- **ലെജന്റ്സ് :** ഡാറ്റ ശ്രേണിയെ പ്രതിനിധാനം ചെയ്യുന്ന നിറമോ,ചിഹ്നമോ,പാറ്റെണോ കാണിക്കുന്ന ചതുരം

TEACHBOOK.IN

**CHAPTER - 5**

## PRESENTATION SOFTWARE

**1 പ്രസന്റേഷൻ സോഫ്റ്റ്‌വെയർ :**ചിത്രങ്ങൾ,ഗ്രാഫുകൾ,ശബ്ദം,വിഡിയോകൾ, എന്നിവ ഉപയോഗിച്ച സ്ലൈഡ് നിർമിച്ച ഇൻഫർമേഷൻ ഡിസ്‌പ്ലെ ചെയ്യുന്നു.

**ഉദാഹരണം** : ലിബ്രെ ഓഫീസ് ഇമ്പ്രെസ്സ് , മൈക്രോസോഫ്ട് പവർ പോയിന്റ്

**2. പ്രസന്റേഷൻ സോഫ്റ്റ്‌വെയർ ന്റെ IDE ഭാഗങ്ങൾ **IDE - ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് എൻവിറോണ്മെന്റ്**

➢ടൈറ്റിൽബാർ ➢മെനുബാർ ➢ടൂൾബാർ ➢സ്ലൈഡ്പാൻ ➢ടാസ്ക്പാൻ ➢വർക്കിംഗ് ഏരിയ ➢സ്റ്റാറ്റസ് ബാർ

3. സ്ലൈഡിലേക്ക് ടെക്സ്റ്റ് ആഡ് ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങൾ

i) ഒരു സ്ലൈഡിലെ ടെക്സ്റ്റ് എലമെന്റിൽ ടെക്സ്റ്റ് നേരിട്ട് ടൈപ്പ് ചെയ്യാം.

ii) ഡ്രോയിംഗ് ടൂൾബാറിലെ ടെക്സ്റ്റ് ടൂൾ ഉപയോഗിക്കുന്നു.

**4. സ്ലൈഡ് ഫോർമാറ്റിങ് :**സ്ലൈഡിലെ ഉള്ളടക്കങ്ങൾ ക്രമീകരിക്കുകയും,അവതരിപ്പിക്കുകയും ചെയ്യുന്നമാർഗമാണ്.

**<u>4.1 ടെക്സ്റ്റ് ഫോർമാറ്റിങ് :</u>** സ്ലൈഡിലെ ടെക്സ്റ്റുകൾക്ക് നൽകുന്ന എഫക്ട്

4.1.A **കാരക്ടർ ഫോർമാറ്റിങ് :** അക്ഷരങ്ങളുടെ ഫോണ്ട്ഫ് ഫേസ്, വലിപ്പം, നിറം, മറ്റ് ഇഫക്റ്റുകൾ എന്നിവ സജ്ജീകരിക്കുന്നു.

Step 1 : ടെക്സ്റ്റ് തിരഞ്ഞെടുക്കുക

Step 2 : Format -> Character

4.1.B **പാരഗ്രാഫ് ഫോർമാറ്റിങ് :** സ്പെയ്സിംഗ്, ഇൻഡന്റേഷനുകൾ, അലൈൻമെന്റ്, ടാബ് ക്രമീകരണം എന്നിവ ഉൾപ്പെടുന്നു.

Step1 :പാരഗ്രാഫിനെ തിരഞ്ഞെടുക്കുക

Step2: Format->Paragraph

4.1.C **ലിസ്റ്റ് ഫോർമാറ്റിങ് (ബുള്ളറ്റ്സ് & നമ്പറിങ് ) :** Step 1: Format->Bullets and Numbering

**<u>4.2. സ്ലൈഡിന്റെ ബാക്ക്ഗ്രൗണ്ട് ക്രമീകരിക്കുന്നു</u>**

Step 1 : Slide -> Slide Properties

Step 2 : തുറന്നു വരുന്ന ഡയലോഗ് ബോക്സിൽ താഴെ കൊടുത്ത ടാബ് ഉപയോഗിക്കാം

**കളർ :** സ്ലൈഡിന്റെ ബാക്ഗ്രൗണ്ടായി ഏകീകൃത നിറം

**ഗ്രേഡിയൻറ് ഫിൽ :** ഒരു നിറത്തിൽ നിന്ന് മറ്റൊരു നിറത്തിലേക്ക് മാറ്റം നൽകുന്ന എഫക്ട്

**ഹാച്ചിങ് :** ഷേഡിംഗ് കാണിക്കാൻ ഫൈൻ ലൈനുകൾ ഉപയോഗിച്ചു ബാക്ക്ഗ്രൗണ്ട് സെറ്റ് ചെയ്യുന്നു.

ഇമേജ് / **ബിറ്റ്മാപ് :** ബാക്ക്ഗ്രൗണ്ടിൽ ഇമേജ് സെറ്റ് ചെയ്യുന്നു

**5. സ്ലൈഡ് മാസ്റ്റേഴ്സ് ( ടെംപ്ലേറ്റ് ):** എല്ലാ സ്ലൈഡുകളുടെയും അടിസ്ഥാന ഫോർമാറ്റിംഗ് നിയന്ത്രിക്കുന്നു.

Step 1 : Slide -> New Slide ( Ctrl+M)

Step 2 : View ->Master slide

Step 3 : ലഭ്യമായ ലിസ്റ്റിൽ നിന്ന് വേണ്ട സ്ലൈഡ് മാസ്റ്റർ സെലക്ട് ചെയ്യുക.

TEACHBOOK.IN

**6. വിവിധ ഫയൽ ഉൾപ്പെടുത്തുന്ന വിധം**

| | |
|---|---|
| Image | Insert -> Image |
| Audio & video | Insert -> Audio or Video |
| Table | Insert -> Table |
| Chart | Insert -> Chart |
| **Hyperlink ഉൾപെടുത്താൻ** | ***ഹൈപ്പർലിങ്ക് :** ഒരു സ്ലൈഡിൽ നിന്ന് 'i) ഇന്റർനെറ്റ് ii) മെയിൽ & ന്യൂസ് iii) ഡോക്യുമെന്റ് iv) ന്യൂ ഡോക്യുമെന്റ്' തുടങ്ങിയവയിലേക്ക് ബന്ധിപ്പിക്കുന്നതിനു ഉപയോഗിക്കുന്ന ടെക്സ്റ്റോ ഒബ്ജെക്ടോ ആകാം. |
| | Insert -> Hyperlink |
| ആഡിങ് ആക്ഷൻ ഒബ്ജെക്ട്സ് | **ആക്ഷൻ ഒബ്ജെക്ട്സ്** : സ്ലൈഡിൽ ടെക്സ്റ് ബോക്സ്,ഇമേജ് എന്നിവയെ ഒബ്ജക്റ്റുകളാക്കുകയും ചില പ്രത്യേക ആക്ഷനുകൾ (സ്ലൈഡിലേക്ക് പോകുക, വീഡിയോ/ഓഡിയോ ക്ലിപ് പ്ലേ ചെയ്യുക) നൽകുകയും ചെയ്യാം<br>Step 1 : Slide-> New Slide<br>Step 2 : റെക്റ്റാംഗിൾ ടൂളുപയോഗിച്ച ബോക്സ് വരക്കാം<br>Step 3 : ബോക്സിൽ റൈറ്റ് ക്ലിക്ക് ചെയ്തു Interaction ഓപ്ഷൻ സെലക്ട് ചെയ്യുക<br>Step 4 : Action at mouse click എന്നതിന്റെ ഡ്രോപ്പ് ഡൗൺ ബോക്സിൽ നിന്ന് അനുയോജ്യമായ ഇനം തിരഞ്ഞെടുക്കുക |

*****7. സ്ലൈഡ് വ്യൂകൾ :**

| വ്യൂസ് | വിവരണം |
|---|---|
| **നോർമൽ വ്യൂ (സ്ലൈഡ് വ്യൂ )** | പ്രസന്റേഷൻ ന്റെ ഡീഫോൾട് വ്യൂ ആണിത്. |
| **ഔട്ട് ലൈൻ വ്യൂ** | എല്ലാ സ്ലൈഡുകളെയും ക്രമത്തിൽ കാണുവാനും, സ്ലൈഡിലെ ടെക്സ്റ്റുകൾ മാത്രം കാണുവാനും ഉപയോഗിക്കുന്നു.മറ്റു ഇമേജുകളും ടേബിളുകളും hide ചെയ്യുന്നു. |
| **നോട്ട്സ് വ്യൂ** | ഓരോ സ്ലൈഡിലും നോട്ട്സ് രേഖപ്പെടുത്തുന്നതിന് ഉപയോഗിക്കുന്നു. |
| **ഹാൻഡ് ഔട്ട് വ്യൂ** | പ്രസന്റേഷന്റെ പ്രിന്റൗട്ട് എടുക്കുമ്പോൾ ലേഔട് സെറ്റ് ചെയ്യുവാൻ |
| **സ്ലൈഡ് സോർട്ടർ വ്യൂ** | ഓരോ സ്ലൈഡിന്റെയും തമ്പ്നെയിൽ ( ചെറു ചിത്രങ്ങൾ ) കാണുവാൻ സാധിക്കും. സ്ലൈഡുകളുടെ സ്ഥാനം പുനഃക്രമീകരിക്കുവാനും സ്ലൈഡ് മാനേജ് ചെയ്യുവാനും ഇതിൽ സാധിക്കും. |

**8. സ്ലൈഡ് ട്രാൻസിഷൻസ് :** സ്ലൈഡ്ഷോ ചെയ്യുമ്പോൾ സ്ലൈഡുകൾക്ക് ആകർഷകമായ ഇഫക്റ്റുകൾ സൃഷ്ടിക്കുന്നു.

**രണ്ട് സ്ലൈഡ് ട്രാൻസിഷൻ ക്രമീകരണങ്ങൾ**

8.1 **ഓട്ടോമാറ്റിക് സ്ലൈഡ് ട്രാൻസിഷൻ** : യൂസർ നിർദ്ദേശമില്ലാതെ തന്നെ സ്ലൈഡ് ഷോയിൽ സ്ലൈഡുകൾ താനേ മാറുന്നു.

Step 1: Slide Transition pane -> Advance slide -> Automatically after

Step 2 : സമയം സെറ്റ് ചെയ്യുക. Apply to All Slides എന്ന ബട്ടൺ ക്ലിക്ക് ചെയ്യുക.

8.2 **റിഹേർസ് ടൈമിംഗ്** :ഓരോ സ്ലൈഡുകൾ കാണിക്കുന്നതിന് വ്യത്യസ്ത സമയം ക്രമീകരിക്കുന്നതാണിത്.

Step : Slide Show -> Rehearse Timing

TEACHBOOK.IN

**XI - CHAPTER - 6**

**GETTING STARTED WITH GIMP**

**1. ഇമേജ് എഡിറ്റിംഗ് :** ഇമേജ് എഡിറ്റിംഗ് എന്നത് ഒരു ഇമേജിന്റെയോ ഗ്രാഫിക്സിന്റെയോ എഡിറ്റിംഗ് അല്ലെങ്കിൽ തിരുത്തലുകളാണ്.ഇതിനായി ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകളാണ് ഇമേജ് എഡിറ്റർ. 3 തരം എഡിറ്ററുകളുണ്ട്.

- റാസ്റ്റർ ഗ്രാഫിക്സ് എഡിറ്റർ: ഉദാ: ജിമ്പ്,അഡോബ് ഫോട്ടോഷോപ്പ്,ജി-തമ്പ് ഇമേജ് വ്യൂവർ
- വെക്റ്റർ ഗ്രാഫിക്സ് എഡിറ്റർ: ഉദാ: അഡോബ് ഇല്ലുസ്ട്രേറ്റർ,കോറൽ ഡ്രോ,ഇങ്ക്സ്കേപ്പ്
- 3D മോഡുലാർ : ഉദാ:കെ-3D

**1.1 ഇമേജ് എഡിറ്റിംഗ് സോഫ്റ്റ്വെയറിന്റെ ഉപയോഗം** : വലുപ്പം മാറ്റൽ, ക്രോപ്പിംഗ്, കളറിംഗ്,ഇമേജുകൾ സംയോജിപ്പിക്കുകയും മാറ്റുകയും ചെയ്യുന്നു, പോറലുകൾ, ചുളിവുകൾ എന്നിവ നീക്കം ചെയ്യാനും ഉപയോഗിക്കുന്നു.

**2. രണ്ടുതരം ഇമേജ് എഡിറ്റിംഗ് സോഫ്റ്റ് വെയർ:**

**റാസ്റ്റർ ഗ്രാഫിക് എഡിറ്റർ & വെക്റ്റർ ഗ്രാഫിക് എഡിറ്റർ**

| റാസ്റ്റർ ഗ്രാഫിക് എഡിറ്റർ | വെക്റ്റർ ഗ്രാഫിക് എഡിറ്റർ |
|---|---|
| റാസ്റ്റർ ചിത്രം പിക്സലുകൾ കൊണ്ട് നിർമിച്ചിരിക്കുന്നു | ഗണിതശാസ്ത്രപരമായ സൂത്രവാക്യങ്ങൾ കൊണ്ട് നിർമിച്ചിരിക്കുന്നു. |
| ചിത്രങ്ങളുടെ വലിപ്പം കൂട്ടുംതോറും ഗുണനിലവാരം കുറയുന്നു | വലിപ്പം കൂട്ടുംതോറും ഗുണനിലവാരത്തിൽ നഷ്ടപ്പെടുന്നില്ല. |
| പലപ്പോഴും വലിയ ഫയൽ സൈസ് ഉള്ളവയാണ് | പലപ്പോഴും ഫയൽ സൈസ് കുറവുള്ളവയാണ് |

**3. GIMP ( ഗ്നു-ഇമേജ് മാനിപുലേഷൻ പ്രോഗ്രാം ) സവിശേഷതകൾ**

➤ പെയിന്റിംഗ് ടൂളുകൾ ➤ഒന്നിലധികം ആണ്ടു / റീഡു ➤സെലെക്ഷൻ ടൂളുകൾ

➤ട്രാൻസ്ഫോർമേഷൻ ടൂളുകൾ

➤ ഒന്നിലധികം ലെയർ സൗകര്യം - എന്നിവയെല്ലാം ലഭ്യമാണ്.

കൂടതെ GIF, JPEG, PNG, TIFF, BMP പോലുള്ള ഫയൽ ഫോർമാറ്റുകൾ പിന്തുണയ്ക്കുന്നു.

GIMP ഇമേജ് ഫയലിന്റെ ഡിഫോൾട്ട് എക്സ്റ്റൻഷൻ **.xcf** ആണ്.

4. GIMP-ൽ ക്യാൻവാസ് സൃഷ്ടിക്കുന്നതിനുള്ള ഘട്ടങ്ങൾ :

Step 1: File -> New

Step 2 : Create a New Image ഡയലോഗ് ബോക്സ് ഉപയോഗിച്ച് അനുയോജ്യമായ വലുപ്പം ക്രമീകരിക്കുക.

Step 3 : OK ബട്ടണിൽ ക്ലിക്ക് ചെയ്യുക.

**<u>5. GIMP-ലെ ലേയറുകൾ</u>** : ലേയറുകളുടെ സഹായത്താൽ ഒരു ഇമേജിന്റെ മുകളിൽ അനേകം ഇമേജിന്റെ ഭാഗങ്ങൾ കൂട്ടിച്ചേർത്തു ഒറ്റ ഇമേജാക്കിമാറ്റാം.

**<u>ലെയറുകളിലെ പ്രവർത്തനങ്ങൾ :</u>** ക്രിയേറ്റ് ന്യൂ ലെയർ, മൂവ് ലെയർ അപ്പ്, മൂവ് ലെയർ ഡൌൺ, ക്രിയേറ്റ് ഡ്യൂപ്ലിക്കേറ്റ് കോപ്പി ഓഫ് ലെയർ,ഡിലീറ്റ് ലെയർ , **<u>ആങ്കർ ദി ഫ്ലോട്ടിങ് ലെയർ</u>**.

**<u>ആങ്കറിങ് ലെയർ :</u>** ഫ്ലോട്ടിംഗ് ലെയറിനെ നോർമൽ ലെയറിലേക്ക് യോജിപ്പിക്കുന്നതാണ് ആങ്കറിങ്ങിനായി:- ലെയർ ഡയലോഗ് ബോക്സിൽ ആങ്കർ ബട്ടൺ തിരഞ്ഞെടുക്കുക.

**<u>6. സെലെക്ഷൻ ടൂൾ</u>** :ആക്റ്റീവ് ലെയറിൽ നിന്ന് ആവശ്യമുള്ള ഭാഗങ്ങൾ തിരഞ്ഞെടുത്തു വിവിധ പ്രവൃത്തി ചെയ്യാനാകും.

**6.1. <u>റെക്റ്റാംഗിൾ സെലക്റ്റ്</u> :** ഇമേജിൽ ചതുരാകൃതിയിൽ ഒരു ഭാഗം സെലക്റ്റ് ചെയ്യുവാൻ.

Tools -> Selection Tools–> Rectangle Select

**6.2. <u>എലിപ്സ് സെലക്റ്റ്</u> :** ഇമേജിൽ വൃത്താകൃതിയിലോ എലിപ്റ്റിക്കലോ ഒരു ഭാഗം സെലക്റ്റ് ചെയ്യുവാൻ.

Tools -> Selection Tools–> Ellipse Select

**6.3. <u>ഫ്രീ സെലക്റ്റ് (ലാസ്സോ ടൂൾ)</u> :** ഇമേജിൽ സ്വതന്ത്രമായി ഏതു ഭാഗവും തിരഞ്ഞെടുക്കൽ വരയ്ക്കാൻ

Tools -> Selection Tools–> Free Select

**6.4. <u>ഫസി സെലക്റ്റ് (മാജിക് വാൻഡ് )</u>:** ഇമേജിൽ ഒരേ കളറിൽ തുടർച്ചയായി കാണപ്പെടുന്ന ഭാഗം സെലക്റ്റ് ചെയ്യുന്നു. Tools -> Selection Tools–> Fuzzy Select

**6.5. <u>ബൈ കളർ സെലക്റ്റ്</u>:** ഇമേജിൽ ഒരേ കളറിൽ തുടർച്ചയല്ലാതെ കാണപ്പെടുന്ന ഭാഗം സെലക്റ്റ് ചെയ്യുന്നു.

Tools -> Selection Tools–> By Colour Select

**6.6. <u>ഇന്റലിജന്റ് സിസെർസ്</u> :** കടുത്ത നിറങ്ങളെ സെലക്റ്റ് ചെയ്യുന്നു.

Tools -> Selection Tools–> Intelligent Scissors

**6.7. <u>ഫോർഗ്രൗണ്ട് സെലക്റ്റ്</u> :** ഇമേജിൽ നേർത്ത പിക്സലുകളെ തിരഞ്ഞെടുക്കുന്നു.

Tools -> Selection Tools–> Foreground Select

**<u>7. ട്രാൻസ്ഫോം ടൂൾ</u>** :ഇമേജിന്റെ വലിപ്പം,സ്ഥാനം,ആംഗിൾ തുടങ്ങിയ രൂപഭാവം മാറ്റുന്നതിന് ഉപയോഗിക്കുന്നു.

**7.1. <u>അലൈൻ</u> :** ഇമേജിലെ ലെയറുകളുടെ സ്ഥാനം നിർണയിക്കുന്നു.

Tools -> Transform Tools → Align

**7.2. <u>മൂവ്</u> :** ലെയറുകളോ സെലെക്ഷനോ ഒരു സ്ഥാനത്തിൽ നിന്ന് മറ്റൊരു സ്ഥാനത്തേക്ക് മാറ്റുവാൻ.

Tools -> Transform Tools → Move

**7.3. <u>ക്രോപ്</u> :** ഇമേജിനെ മുറിക്കുന്നതിന് ഉപയോഗിക്കുന്നു.

Tools -> Transform Tools → Crop

**7.4. <u>റൊട്ടേറ്റ്</u> :** ഇമേജിനെ പല ദിശയിൽ തിരിക്കുന്നതിന് (റൊട്ടേറ്റ് ) ഉപയോഗിക്കുന്നു.

Tools -> Transform Tools → Rotate

**7.5. <u>സ്കെയിൽ</u> :** ഇമേജിന്റെ വലിപ്പം വ്യതിചലിപ്പിക്കുവാൻ ഉപയോഗിക്കുന്നു.

Tools -> Transform Tools → Scale

**7.6. <u>ഷിയർ</u> :** ഇമേജിന്റെ എതിർ വശങ്ങളെ എതിർ ദിശയിലേക്ക് മാറ്റുന്നതിന് ഉപയോഗിക്കുന്നു.

Tools -> Transform Tools → Shear

**7.7. <u>ഫ്ലിപ്</u> :** മിറർ ഇമേജ് നിർമിക്കുവാൻ ഉപയോഗിക്കുന്നു.

Tools -> Transform Tools → Flip

<u>8.ഇമേജ് എക്സ്പോർട്ട് ചെയ്യുന്ന വിധം</u>

1. File → Save As or 2. File → Export To



TEACHBOOK.IN

## XI - CHAPTER - 7

## ADVANCED TOOLS FOR IMAGE EDITING

**1. പാത്ത് ടൂളും ഗുണങ്ങളും :**

- **GIMP-ൽ, നേർരേഖയും വളഞ്ഞതുമായ പാതകൾ നിർമിക്കാൻ പാത്ത് ഉപയോഗിക്കുന്നു.**
- വ്യത്യസ്ത തരം പാറ്റേണുകൾ നിർമിക്കാൻ ഉപയോഗിക്കുന്നു.
- ചിത്രത്തിൽ നിന്ന് വ്യത്യസ്ത ആകൃതിയിലുള്ള ഒരു ഭാഗം തിരഞ്ഞെടുക്കാൻ സാധിക്കുന്നു.
- ടെക്സ്റ്റുകളെ പല രീതിയിൽ അലൈൻ ചെയ്യാം. Steps : Tools → Paths

**ആങ്കർ പോയിന്റ്** : പാത്ത് ലെ ഓരോ പോയിന്റും ആങ്കർ പോയിന്റ് എന്ന് വിളിക്കുന്നു**.**

➤ പാത്തിൽ നിന്ന് ആങ്കർ പോയിന്റുകൾ ചേർക്കുന്ന വിധം : Ctrl + Mouse click

➤ പാത്തിൽ നിന്ന് ആങ്കർ പോയിന്റുകൾ നീക്കം ചെയ്യുന്ന വിധം : Ctrl + Shift + Mouse Click

**ടെക്സ്റ്റിനെ പാത്തിലേക്ക് അലൈൻ ചെയ്യുന്ന വിധം**

Step 1 : ടൂൾബോക്സിൽ നിന്ന് ടെക്സ്റ്റ് ടൂൾ തിരഞ്ഞെടുത്ത് ക്യാൻവാസിൽ ഒരു ടെക്സ്റ്റ് ടൈപ്പ് ചെയ്യുക

Step 2 : പാത്ത് ടൂൾ ഉപയോഗിച്ച് ക്യാൻവാസിൽ ഒരു പാത്ത് വരയ്ക്കുക

Step 3 : ടൈപ്പ് ചെയ്ത വാചകം തിരഞ്ഞെടുത്ത് താഴെ കൊടുത്ത മെനു ഓപ്ഷൻ ഉപയോഗിക്കുക. Layer → Text Along Path

2. **GIMP-ൽ കളർ പ്രദർശിപ്പിക്കുന്നതിനുള്ള കളർ ഡയലോഗ് ബോക്സിലെ വിവിധ കളർ പാറ്റേൺ**

➤ ജിമ്പ് ➤ CMYK ➤വാട്ടർ കളർ ➤ വീൽ ➤ പാലറ്റ്

**3. ജിമ്പിലെ കളർ സ്കീമുകൾ**

| സബ്ട്രാക്റ്റീവ് കളർ സ്കീം | അഡിറ്റീവ് കളർ സ്കീം |
|---|---|
| കളർ പ്രിന്റിംഗിൽ ഉപയോഗിക്കുന്നു | കമ്പ്യൂട്ടർ, ടെലിവിഷൻ സ്ക്രീനുകളിൽ ഉപയോഗിക്കുന്നു |
| സിയാൻ, മജന്ത,യെല്ലോ നിറങ്ങൾ ഉപയോഗിച്ചു<br>മറ്റു നിറങ്ങൾ നിർമിക്കുന്നു. (CMYK) | റെഡ്, ഗ്രീൻ, ബ്ലൂ നിറങ്ങൾ ഉപയോഗിച്ചു മറ്റു നിറങ്ങൾ നിർമിക്കുന്നു ( RGB) |
| എല്ലാ നിറങ്ങളുടെയും സാന്നിധ്യം കറുപ്പാണ്<br>!C+M+Y=blac**K** | എല്ലാ നിറങ്ങളുടെയും സാന്നിധ്യം വെളുപ്പാണ്.<br>!R+G+B=**W**hite |
| നിറങ്ങളുടെ അഭാവം വെളുപ്പാണ്. | നിറങ്ങളുടെ അഭാവം കറുപ്പാണ്. |

4. ഒരു ചിത്രത്തിന്റെ **ബ്രൈറ്റ്നെസ്സ് & കോൺട്രാസ്റ്റ്** ക്രമീകരിക്കുന്നു വിധം

Step : : Tools → Colour Tools → Brightness - Contrast

**5. കളർ ബാലൻസിങ്** : നിറം ബാലൻസ് ചെയ്തുകൊണ്ട് ചിത്രം ശരിയാക്കാൻ ഇത് ഉപയോഗിക്കുന്നു.

Step 1 : Colours → Colour Balance

Step 2 : വരുന്ന ഡയലോഗ് ബോക്സിൽ Shadows,Midtones ,Highlights എന്നീ ഐറ്റം ഉപയോഗിക്കാം.

TEACHBOOK.IN

**6. ജിമ്പിലെ വ്യത്യസ്ത ഫിൽറ്ററുകൾ**

⏩ **ബ്ലർ -**

**ഗോസിയൻ-** ഇമേജിന് ഔട്ട് ഓഫ് ഫോക്കസ് ഇഫക്റ്റ്. Step : Filters->Blur-> Gaussian Blur

**സിമ്പിൾ -** ഇമേജുകൾ ചെറിയ രീതിയിൽ ബ്ലർ ചെയ്യുന്നു.

**മോഷൻ -** ഇമേജുകൾ ചലിച്ച ബ്ലർ എഫക്ട്.

**പിക്സെലൈസ് -** ചിത്രത്തെ വലിയ ചതുരങ്ങളുടെ ഒരു കൂട്ടമായി ബ്ലർ ചെയ്യും.

**സെലെക്റ്റിവ് ഗോസിയൻ -** ഒരേപോലുള്ള പിക്സിലുകൾ ബ്ലർ ചെയ്യുന്നു.

⏩ **ഡിസ്റ്റോർട്സ് -** ഇമേജിന്റെ ആകൃതി മാറ്റുന്നു.

**എംബോസ് -**ഇമേജിലെ പ്രകാശം/ഇരുണ്ട ഏരിയ ഹൈലൈറ്റ് /ഷാഡോ ഉപയോഗിച്ച് മാറ്റിസ്ഥാപിക്കുന്നു.

**മൊസൈക് -** ഇമേജിനെ ചിപ്പുകളോ ടൈലുകളോ കൊണ്ട് നിർമ്മിച്ചത് പോലെയാക്കുന്നു.

**റിപ്പിൾ -** ഇമേജിനെ തരംഗ രൂപത്തിലാക്കുന്നു.

**ഷിഫ്റ്റ് -** ഇമേജിൽ പിക്സലുകളെ തിരശ്ചീനമായോ ലംബമായോ മാറ്റുന്നു.

**വേവ്സ് -** വെള്ളത്തിലേക്ക് കല്ല് എറിയുമ്പോൾ ഉണ്ടാകുന്ന തരംഗംപോലാക്കുന്നു.

**വിൻഡ് -** നേർത്ത കറുപ്പും വെളുപ്പും വരകൾ ഉപയോഗിച്ച windy എഫ്ഫക്റ്റ് നൽകുന്നു.

⏩ **ലൈറ്റ് & ഷാഡോ -** പ്രകാശത്തിന്റെയും നിഴലിന്റെയും എഫെക്ട് നൽകുന്നു.

**ലെൻസ് ഫ്ലെയർ -** പ്രകാശ സ്രോതസ്സ് നേരിട്ട് ലെൻസിലേക്ക് പതിക്കുന്ന എഫക്ട്.

**ലൈറ്റനിംഗ് ഇഫക്റ്റ് -** പ്രകാശം ഇമേജിൽ വീഴുന്ന എഫക്ട്.

**സൂപ്പർനോവ -** സൂപ്പർനോവ എഫക്ട് നൽകുന്നു.

⏩ **ആർട്ടിസ്റ്റിക് -** കലാപരമായ എഫക്ട് നൽകുന്നു.

**ക്ലോത്തിഫൈ -** ഇമേജ് തുണിയിൽ വരച്ചപോലുള്ള എഫക്ട്.

**ക്യൂബിസം -** ഇമേജ് അനേകം ക്യൂബുകളാൽ നിർമിച്ചപോലെ എഫക്ട്.

**ഓയിലിഫൈ -** ഇമേജിനെ ഓയിൽ പെയിന്റിന്റെ എഫക്ട്.

**സോഫ്റ്റ് ഗ്ലോ -** ചെറിയ തിളക്കത്തോടെ ഇമേജിനെ കാണുന്നു.

**വീവ്** - റിബൺ കൊണ്ട് നെയ്ത പോലെ ഇമേജിനെ ആക്കുന്നു.

⏩ **ഷാർപെൻ -** ഇമേജിന്റെ വക്കുകൾ കൂടുതൽ വ്യക്തത നൽകുന്നു.

Step : Filters->Enhance-> Sharpen

TEACHBOOK.IN

**XI - CHAPTER - 8**

# COMPUTER NETWORKS

**1 കമ്പ്യൂട്ടർ നെറ്റ്‌വർക്ക് :**കമ്പ്യൂട്ടറുകളും ഹാർഡ് വേറുകളും ഒരു കമ്മ്യൂണിക്കേഷൻ മീഡിയത്തിന്റെ സഹായത്താൽ പരസ്പരം ബന്ധിപ്പിക്കുന്നതാണ് നെറ്റ്‌വർക്ക്. ഉദാ: ഇന്റർനെറ്റ്

**ഗുണങ്ങൾ :** ➤ റിസോഴ്സ് ഷെയറിങ് ➤ പ്രൈസ്-പെർഫോമൻസ് റേഷ്യോ ➤ കമ്മ്യൂണിക്കേഷൻ ➤ റിലയബിലിറ്റി ➤ സ്കേലബിളിറ്റി

**2. നെറ്റ് വർക്കുമായി ബന്ധപ്പെട്ട കീ ടേം:**

**2.1. <u>ബാൻഡ് വിഡ്ത് :</u>** ഒരു നിശ്ചിത സമയത്തിനുള്ളിൽ നെറ്റ്‌വർക്കിലെ കംപ്യൂട്ടറുകൾ തമ്മിലുള്ള പരമാവധി ഡാറ്റ -കൈമാറ്റ നിരക്ക്. ( **bps** : ബിറ്റ്സ് പെർ സെക്കന്റ് )

**2.2. <u>നോയ്സ് (Noise):</u>** ഡാറ്റാ സിഗ്നലുകളുടെ ഗുണനിലവാരം കുറയ്ക്കുന്ന അനാവശ്യ വൈദ്യുത അല്ലെങ്കിൽ വൈദ്യുതകാന്തിക ഊർജ്ജമാണ്.


**2.3. <u>നോഡ് :</u>** കമ്പ്യൂട്ടർ നെറ്റ്‌വർക്കിലേക്ക് നേരിട്ട് ബന്ധിപ്പിച്ചിരിക്കുന്ന ഏതൊരു ഉപകരണത്തെയും നോഡ് എന്ന് വിളിക്കുന്നു

**3. ഡാറ്റ കമ്മ്യൂണിക്കേഷൻ സിസ്റ്റം :** രണ്ട് ഉപകരണങ്ങൾ തമ്മിലുള്ള ഡിജിറ്റൽ ഡാറ്റ കൈമാറ്റം.

3.1 **മെസ്സേജ് :** നെറ്റ് വർക്കിൽ കൈമാറ്റം ചെയ്യപ്പെടേണ്ട ഇൻഫർമേഷൻ.




3.2.**സെൻഡർ :** ഡാറ്റ അയക്കുന്ന ഉപകരണം.

3.3 **റിസീവർ :** ഡാറ്റ സ്വീകരിക്കുന്ന ഉപകരണം.




3.4. **പ്രോട്ടോകോൾ :**ഡാറ്റ കൈമാറുന്നതിനുള്ള നിയമങ്ങളും നിയന്ത്രണങ്ങളും

| | | |
|---|---|---|
| **3.5 കമ്മ്യൂണിക്കേഷൻ മീഡിയം:** നെറ്റ്‌വർക്കിലെ നോഡുകൾ പരസ്പരം ബന്ധിപ്പിക്കുന്നതി ഉപയോഗിക്കുന്ന ആശയവിനിമയ ചാനലുകൾ. | | |
| **3.5.1 ഗൈഡഡ് മീഡിയം** ( Guided Medium ) | കേബിളുകളും വയറുകളും ഉപയോഗിച്ച ഡാറ്റ ട്രാൻസ്മിഷൻ നടത്തുന്നു. | |
| | ട്വിസ്റ്റഡ് പെയർ കേബിൾ | രണ്ട് ഇൻസുലേറ്റഡ് കോപ്പർ വയറുകൾ പിരിച്ചുവെച്ചിരിക്കുന്നു. (ഇതെർനെറ്റ് കേബിൾ ) |
| | കോആക്സിൽ കേബിൾ | ഏറ്റവും ഉള്ളിൽ കോപ്പർ വയർ, അതിനെ പൊതിഞ്ഞു ഇൻസുലേറ്റർ, ഇൻസുലേറ്ററിനെ പൊതിഞ്ഞു കോപ്പർ മെഷ്,ഏറ്റവും പുറത്തായി ഒരു ഇൻസുലേഷനും ഉണ്ട്. ചിലവും ബാൻഡ് വിഡ്ത്തും കൂടുതലാണ് |
| | ഒപ്റ്റിക്കൽ ഫൈബർ കേബിൾ | പ്രകാശ സിഗ്നലുകളായി ഡാറ്റ കൈമാറ്റം ചെയ്യപ്പെടുന്ന നീളമുള്ള ഗ്ലാസ് നാരുകളാണ് ഒപ്റ്റിക്കൽ ഫൈബർ.കോർ, ക്ലാഡിംഗ്, കോട്ടിംഗ്,നാരുകൾ, പുറം ജാക്കറ്റ് എന്നിവയാണ് ഭാഗങ്ങൾ. ഉയർന്ന വേഗത & ബാൻഡ്‌വിഡ്ത്ത് & ചെലവ്, വളരെ ദൂരെയുള്ള ഒരു ദൂരത്തിൽ ഡാറ്റ കൊണ്ടുപോകുന്നു, ഇൻസ്റ്റാളേഷനും പരിപാലനവും ബുദ്ധിമുട്ടാണ് |
| **3.5.2 അൺ ഗൈഡഡ് മീഡിയം** ( Un-Guided Medium ) | റേഡിയോ തരംഗങ്ങൾ, മൈക്രോവേവ് അല്ലെങ്കിൽ ഇൻഫ്രാറെഡ് സിഗ്നലുകൾ എന്നിവ ഡാറ്റാ ട്രാൻസ്മിഷനായി ഉപയോഗിക്കുന്നു. | |
| | റേഡിയോ വേവ്സ് ഉപയോഗിച്ചുള്ള വയർലെസ്സ് ട്രാൻസ്മിഷൻ: ബ്ലൂടൂത്ത്,വൈ-ഫൈ, വൈ-മാക്സ്, സാറ്റ്ലൈറ്റ് ലിങ്ക്. | |

| **4. നെറ്റ്‌വർക്ക് ടോപ്പോളജികൾ ;-** ഒരു നെറ്റ്‌വർക്ക് രൂപീകരിക്കുന്നതിന് നോഡുകൾ ഭൗതികമായി പരസ്പരം ബന്ധിപ്പിച്ചിരിക്കുന്ന രീതിയെ ടോപ്പോളജി എന്ന് വിളിക്കുന്നു. | |
|---|---|
| **ബസ് ടോപ്പോളജി**   | നോഡുകളെ ഒരൊറ്റ കേബിളുമായി നേരിട്ട് ലിങ്ക് ചെയ്തിരിക്കുന്ന ഒരു നെറ്റ്‌വർക്കിന്റെ സജ്ജീകരണമാണിത്. |
| **റിംഗ് ടോപ്പോളജി**   | ഓരോ നോഡും മറ്റ് രണ്ട് നോഡുകളുമായി ബന്ധിപ്പിച്ച് ഒരു റിംഗ് രൂപത്തിൽ ക്രമീകരിക്കുന്നു. ഡാറ്റകൾ റിങ്ങിൽ കൂടി ഒരേ ദിശയിൽ സഞ്ചരിച്ചു ലക്ഷ്യസ്ഥാനത്ത് എത്തുന്നതിന് മുമ്പ് ഓരോ നോഡിലൂടെയും കടന്നുപോകുന്നു. |
| **സ്റ്റാർ ടോപ്പോളജി**   | നെറ്റ്‌വർക്ക് ലെ എല്ലാ നോഡുകളും ഹബ്/സ്വിച്ചിമായി ബന്ധിപ്പിച്ചിരിക്കുന്നു. ഓരോ നോഡും മറ്റൊരു നോഡിലേക്ക് അയക്കുന്ന ഡാറ്റ ആദ്യം ഹബ്/സ്വിച്ച്ൽ എത്തിച്ചേരുകയും തുടർന്ന് ലക്ഷ്യത്തിലേക്കുള്ള നോഡിലേക്ക് എത്തിക്കുകയും ചെയ്യുന്നു. |
| **മെഷ് ടോപ്പോളജി**  | ഓരോ നോഡും മറ്റൊരു നോഡുമായി ബന്ധിപ്പിച്ചിരിക്കുന്നു. അതിനാൽ രണ്ട് നോഡുകൾക്കിടയിൽ ഒന്നിലധികം പാതകൾ ഉണ്ടാകും. ഒരു പാത പരാജയപ്പെടുകയാണെങ്കിൽ, ഡാറ്റ മറ്റൊരു പാതയിലൂടെ സഞ്ചരിച്ച് ലക്ഷ്യസ്ഥാനത്ത് എത്തും. |

**5. ഡാറ്റ കമ്മ്യൂണിക്കേഷൻ ഡിവൈസ് :** നെറ്റ്‌വർക്കിൽ കമ്പ്യൂട്ടറിനെയും കമ്മ്യൂണിക്കേഷൻ മീഡിയത്തിനെയും ബന്ധിപ്പിക്കുന്ന ഉപകരണങ്ങൾ.




| | |
|---|---|
| **നെറ്റ്‌വർക്ക് -ഇന്റർഫേസ് കാർഡ് (NIC)** | നെറ്റ്‌വർക്കിലേക്ക് കണക്റ്റുചെയ്യാൻ കമ്പ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയ്തിരിക്കുന്ന സർക്യൂട്ട് ബോർഡ് |
| **ഹബ്** | നെറ്റ്‌വർക്കിലെ എല്ലാ കംപ്യൂട്ടറിലേക്കും ഹബ് ഡാറ്റ അയക്കുന്നു. അതാതു കമ്പ്യൂട്ടർ ഡാറ്റ പാക്കറ്റ്സ് പരിശോധിക്കുകയും അർഹത പെട്ടവ സ്വീകരിക്കുകയും അല്ലാത്തവ തിരസ്ക്കരിക്കുകയും ചെയ്യുന്നു. ആയതിന്റെ ഫലമായി ട്രാഫിക് ജാം ഉണ്ടാകുകയും ഡാ ട്രാൻസ്മിഷൻ വേഗത കുറയുകയും ചെയ്യുന്നു. |
| **സ്വിച്ച്** | ഡാറ്റ എത്തിച്ചേരേണ്ട കംപ്യൂട്ടറിലേക്കു മാത്രം സ്വിച്ച് ഡാറ്റയെ അയക്കുന്നു. ആയതിന്റെ ഫലമായി ട്രാഫിക് ജാം കുറയുകയും ഡാറ്റ ട്രാൻസ്മിഷൻ വേഗത കൂടുകയും ചെയ്യുന്നു. |
| റിപ്പീറ്റർ | നെറ്റ്‌വർക്കിലൂടെ കടന്നുപോകുന്ന സിഗ്നലുകൾ വർദ്ധിപ്പിക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുന്ന ഉപകരണം. |
| ബ്രിഡ്ജ് | ഒരു നെറ്റ്‌വർക്കിനെ ഒരേ പ്രോട്ടോകോൾ ഉള്ള രണ്ടു ഭാഗങ്ങളായി വിഭജിക്കുവാൻ ഉപയോഗിക്കുന്നു. |
| റൂട്ടർ | ഒരേ പ്രോട്ടോക്കോളുള്ള ഒരേ തരത്തിലുള്ള രണ്ട് നെറ്റ്‌വർക്കുകളെ പരസ്പരം ബന്ധിപ്പിക്കുന്നു.ഇത് ബ്രിഡ്ജിനെക്കാൾ ഇന്റെലിജന്റാണ്. |
| ഗേറ്റ്‌വേ | വ്യത്യസ്ത പ്രോട്ടോക്കോളുകളുള്ള വ്യത്യസ്ത നെറ്റ്‌വർക്കുകൾ ബന്ധിപ്പിക്കുന്നു. |

TEACHBOOK.IN

6. ഡാറ്റ ടെർമിനൽ ഉപകരണങ്ങൾ : കമ്പ്യൂട്ടറുകൾ തമ്മിൽ ഡാറ്റ അയക്കുന്നത് നിയന്ത്രിക്കുന്നു.

**6.1 മോഡം ( Modulator-demodulator ) :** ഡിജിറ്റൽ വിവരങ്ങൾ അനലോഗ് സിഗ്നലുകളിലേക്ക് പരിവർത്തനം ചെയ്യുകയും(മോഡുലേഷൻ), അനലോഗ് സിഗ്നലുകൾ ഉപയോഗപ്രദമായ ഡിജിറ്റൽ വിവരങ്ങളാക്കി മാറ്റുകയും (ഡീമോഡുലേഷൻ) ചെയ്യുന്നു.

**6.2. മൾട്ടിപ്ലക്സിംഗ് :** ഒന്നിലധികം ഡാറ്റ സിഗ്നലുകൾ സംയോജിപ്പിച്ച് ഒരൊറ്റ മാധ്യമത്തിലൂടെ അയയ്ക്കാൻ ഉപയോഗിക്കുന്ന ഒരു സാങ്കേതികതയാണ്.

| **7. വിവിധ തരം നെറ്റ്വർക്ക്കൾ** | |
|---|---|
| **7.1 PAN ( പേർസണൽ ഏരിയ നെറ്റ്വർക്ക്)** | ഒരു വ്യക്തിയുടെ സമീപത്തു ഏതാനും മീറ്ററുകൾക്കുള്ളിൽ ഇലക്ട്രോണിക് ഉപകരണങ്ങളെ ബന്ധിപ്പിക്കുന്ന ഒരു കമ്പ്യൂട്ടർ ശൃംഖലയാണിത്. വേഗത കൂടുതലും ചെലവ് കുറവുമാണ്. |
| **7.2 LAN ( ലോക്കൽ ഏരിയ നെറ്റ്വർക്ക് )** | ഒരു കെട്ടിടം, ഓഫീസ് അല്ലെങ്കിൽ വീട് പോലെയുള്ള ഒരു ഫിസിക്കൽ ലൊക്കേഷനിൽ ഒരുമിച്ച് ബന്ധിപ്പിച്ചിരിക്കുന്ന ഉപകരണങ്ങളുടെ ഒരു ശേഖരമാണ് ലാൻ.ഇതിന്റെ ദൂര പരിധി ഏതാനും മീറ്ററുകൾ മുതൽ പരിമിതമായ കിലോമീറ്ററുകൾ വരെയാണ്. |
| **7.3MAN(മെട്രോപൊളിറ്റൻ ഏരിയ നെറ്റ്വർക്ക് )** | ഒരു മെട്രോപൊളിറ്റൻ ഏരിയയ്ക്കുള്ളിൽ ഒന്നിലധികം ലോക്കൽ ഏരിയ നെറ്റ്വർക്കുകളെ ബന്ധിപ്പിക്കുന്ന ഒരു കമ്പ്യൂട്ടർ ശൃംഖലയാണിത്. ഉദാ : നഗരത്തിൽ വ്യാപിച്ചുകിടക്കുന്ന കേബിൾ ടിവി നെറ്റ്വർക്ക്. |
| **7.4 WAN( വൈഡ് ഏരിയ നെറ്റ്വർക്ക് )** | ഒരു വലിയ ഭൂമിശാസ്ത്രപരമായ പ്രദേശത്ത് ഒന്നിലധികം സ്ഥലങ്ങളെ ബന്ധിപ്പിക്കുന്ന ഒരു കമ്പ്യൂട്ടർ ശൃംഖലയാണ്. ഒരു പ്രദേശം, രാജ്യം, ലോക മുഴുവൻ ഉൾക്കൊള്ളാൻ കഴിയും. |

**8. ഒരു നെറ്റ്വർക്കിലെ കമ്പ്യൂട്ടറുകളുടെ തിരിച്ചറിയൽ രീതി**

**8.1 MAC അഡ്രസ് :** മീഡിയ ആക്സസ് കൺട്രോൾ അഡ്രസ് ഒരു നെറ്റ്വർക്കിലേക്ക് കണക്റ്റു ചെയ്തിരിക്കുന്ന ഒരു ഉപകരണത്തെ തിരിച്ചറിയുന്ന 12-അക്ക ഹെക്സാഡെസിമൽ നമ്പറാണ്. വിലാസം സാധാരണയായി ഉപകരണത്തിന്റെ നെറ്റ്വർക്ക് ഇന്റർഫേസ് കാർഡിൽ (NIC) കാണപ്പെടുന്നു.

**8.2 IP(ഇന്റർനെറ്റ് പ്രോട്ടോക്കോൾ ) അഡ്രസ്:** ഇൻറർനെറ്റുമായി ബന്ധിപ്പിച്ചിരിക്കുന്ന ഒരു ഉപകരണത്തെയോ നെറ്റ്വർക്കിനെയോ തിരിച്ചറിയുന്ന സംഖ്യയാണ്. IP വിലാസങ്ങൾ സാധാരണയായി ഒരു ഇന്റർനെറ്റ് സർവീസ് പ്രൊവൈഡർ (ISP) ആണ് അസൈൻ ചെയ്യുന്നത്.

**9. വ്യത്യസ്ത നെറ്റ്വർക്ക് പ്രോട്ടോക്കോളുകൾ :**

**9.1 TCP/IP** (ട്രാൻസ്മിഷൻ കൺട്രോൾ പ്രോട്ടോക്കോൾ/ ഇന്റർനെറ്റ് പ്രോട്ടോക്കോൾ): ഇന്റർനെറ്റ് പോലുള്ള നെറ്റ്വർക്കിൽ ആശയവിനിമയം നടത്താൻ കമ്പ്യൂട്ടറുകളെ അനുവദിക്കുന്ന സ്റ്റാൻഡേർഡ് നിയമങ്ങളുടെ കൂട്ടമാണിത്.

**9.2. HTTP**( ഹൈപ്പർടെക്സ്റ്റ് ട്രാൻസ്ഫർ പ്രോട്ടോക്കോൾ): ഇത് വേൾഡ് വൈഡ് വെബിന്റെ അടിത്തറയാണ്, വെബ്പേജുകൾ ലോഡുചെയ്യാൻ ഇത് ഉപയോഗിക്കുന്ന ഒരു കൂട്ടം നിയമങ്ങളാണിവ.

**9.3. FTP** ( ഫയൽ ട്രാൻസ്ഫർ പ്രോട്ടോക്കോൾ : ഒരു ഹോസ്റ്റിൽ നിന്ന് മറ്റൊന്നിലേക്ക് ഫയലുകൾ കൈമാറുന്നതിന് ഉപയോഗിക്കുന്ന ഒരു സാധാരണ നെറ്റ്വർക്ക് പ്രോട്ടോക്കോൾ.


**9.4. DNS (ഡൊമെയ്ൻ നെയിം സിസ്റ്റം) പ്രോട്ടോക്കോൾ** : നമ്പർ ശ്രേണിയിലുള്ള ഐപി അഡ്രസ്സിനു പകരം മനുഷ്യർക്ക് വായിക്കാവുന്ന വെബ്സൈറ്റ് അഡ്രസ് ഉപയോഗിച്ച് വെബ്സൈറ്റുകൾ കണ്ടെത്താൻ പ്രോട്ടോക്കോൾ സഹായിക്കുന്നു.

**10. URL (യൂണിഫോം റിസോഴ്സ് ലൊക്കേറ്റർ) :**

ഇന്റർനെറ്റിൽ ഒരു റിസോഴ്സ് കണ്ടെത്തുന്നതിന് ഉപയോഗിക്കുന്ന ഒരു ഐഡന്റിഫയറാണ്. ഇതിനെ ഒരു വെബ് അഡ്രസ് എന്നും വിളിക്കുന്നു.

**ഇതിനു 3 ഭാഗങ്ങളുണ്ട്.**

**1. Protocol  2. Domain Name  3. File Name**



**XI - CHAPTER - 9**

# INTERNET

- **ഇന്റർനെറ്റ് :** നെറ്റ്‌വർക്കുകളുടെ നെറ്റ്‌വർക്കാണിത്.
- **ഇൻട്രാനെറ്റ് :** ഒരു സ്ഥാപനത്തിനുള്ളിലെ സ്വകാര്യ നെറ്റ്‌വർക്കാണിത്.
- **എക്സ്ട്രാനെറ്റ് :** ഒരു കമ്പനിയുടെ റിസോഴ്സ് (ഇൻട്രാനെറ്റ്) ബിസിനസ്സ് പങ്കാളികൾക്കും ആക്സസ് ചെയ്യുന്നു.

➤ ഇന്റർനെറ്റിലേക്ക് കമ്പ്യൂട്ടർ ബന്ധിപ്പിക്കുന്ന വിധം

1. NIC ഉള്ള ഒരു കമ്പ്യൂട്ടർ 2.TCP/ IP പിന്തുണയ്ക്കുന്ന ഒരു ഓപ്പറേറ്റിംഗ് സിസ്റ്റം
3.മോഡം 4. ടെലിഫോൺ കണക്ഷൻ 5. ISP തരുന്ന ഇന്റർനെറ്റ് അക്കൗണ്ട്
6.ബ്രൗസിംഗ് പോലുള്ള സോഫ്റ്റ്‌വെയർ

➤ ഇന്റർനെറ്റ് കണക്ഷനുകൾ പങ്കിടാൻ കഴിയുന്ന വ്യത്യസ്ത മാർഗ്ഗങ്ങൾ : ലാൻ, വൈ-ഫൈ,ലൈ-ഫൈ

## 1.ഇന്റർനെറ്റിലെ സേവനങ്ങൾ :

**1.1 Www ( വേൾഡ് വൈഡ് വെബ് )** : ഇന്റർനെറ്റ് വഴി ആക്സസ് ചെയ്യാവുന്ന പരസ്പരബന്ധിതമായ പൊതു വെബ്പേജുകളുടെ ഒരു സംവിധാനമാണ്. അവതരിപ്പിച്ച വ്യക്തി : ടിം ബെർണേഴ്സ് ലീ.

**1.2 ബ്രൗസർ** : WWW-ൽ വെബ് പേജുകൾ ആക്സസ് ചെയ്യുന്നതിനുള്ള ഒരു ആപ്ലിക്കേഷൻ സോഫ്റ്റ് വെയറാണ്.

ഉദാ : ഗൂഗിൾ ക്രോം,ഇന്റർനെറ്റ് എസ്പ്ലൊറെർ,മോസില്ല ഫയർഫോക്സ്,ഒപേറാ,സഫാരി

**വെബ് ബ്രൗസിംഗ്** : വെബ് പേജുകൾക്കായി ഇന്റർനെറ്റിൽ തിരയുന്നതാണിത്.

**1.3. സെർച്ച് എഞ്ചിനുകൾ** : WWW-ലെ വിവരങ്ങൾ തിരയാൻ ഉപയോക്താക്കളെ അനുവദിക്കുന്ന ഒരു വെബ്സൈറ്റാണിത്. ഉദാ: ഗൂഗിൾ,ബിങ്,യാഹൂ സെർച്ച്,ആസ്ക്

**ക്രൗലേഴ്സ്** വിവിധ വെബ്സൈറ്റുകൾ പരതി ആവശ്യമായ വിവരങ്ങൾ ശേഖരിക്കാനുപയോഗിക്കുന്ന ഒരു പ്രോഗ്രാം.

**1.4 ഇ-മെയിൽ** (ഇലക്ട്രോണിക് മെയിൽ) : ഇന്റർനെറ്റിലൂടെ കമ്പ്യൂട്ടറുകൾക്കിടയിൽ ഡിജിറ്റൽ സന്ദേശങ്ങൾ കൈമാറുന്നതിനുള്ള ഒരു രീതിയാണിത്.

**ഇ-മെയിൽ വിലാസങ്ങളുടെ ഘടന:**യൂസർനെയിം@ഡൊമൈൻനെയിം , ഉദാ: Iza@gmail.com

**ഒരു ഇ-മെയിലിന്റെ ഭാഗങ്ങൾ :**

TO : സ്വീകർത്താവിന്റെ വിലാസം
CC : മെസ്സേജിന്റെ കോപ്പി അയക്കുന്ന രണ്ടാമത്തെ ആളുടെ അഡ്രസ്.
Bcc : മെസ്സേജിന്റെ കോപ്പി അയക്കുന്ന മൂന്നാമത്തെ ആളുടെ അഡ്രസ്.
Subject : അയക്കുന്ന മെസ്സേജിന്റെ ഉള്ളടക്കം.
Content : മെസ്സേജ് ടൈപ്പ് ചെയ്യുന്നിടം.

**ഗുണങ്ങൾ :** ഉയർന്ന വേഗത, ഉപയോഗിക്കാൻ എളുപ്പമാണ്, ഇത് വിലകുറഞ്ഞതാണ്, എപ്പോൾ വേണമെങ്കിലും എവിടെയും ലഭ്യമാണ്, പരിസ്ഥിതി സൗഹൃദം.

**ദോഷങ്ങൾ :** ഇ-മെയിലിൽ വൈറസുകൾ, ജങ്ക് മെയിലുകൾ എന്നിവ ഉണ്ടായിരിക്കാം.

**ഈ-മെയിലുമായി ബന്ധപ്പെട്ട പ്രോട്ടോകോൾസ്**

➤ POP(പോസ്റ്റ് ഓഫീസ് പ്രോട്ടോക്കോൾ) or IMAP(ഇന്റർനെറ്റ് മെസ്സേജ് ആക്സസ് പ്രോട്ടോക്കോൾ) ഇ-മെയിൽ ക്ലയന്റ് ആപ്ലിക്കേഷനുകൾ സാധാരണയായി സന്ദേശങ്ങൾ സ്വീകരിക്കുന്നതിന് ഉപയോഗിക്കുന്ന പ്രോട്ടോകോളുകളാണിവ.

**1.5 സോഷ്യൽ മീഡിയ :** ആശയവിനിമയം നടത്താനും കമ്മ്യൂണിറ്റികൾ സൃഷ്ടിക്കാനും ഉള്ളടക്കം പങ്കിടാനും ആശയങ്ങൾ കൈമാറാനും ആളുകളെ അനുവദിക്കുന്ന വെബ്സൈറ്റ് / ആപ്പ്.

TEACHBOOK.IN

**<u>വ്യത്യസ്ത തരം സോഷ്യൽ മീഡിയകൾ</u>** :

**ഇന്റർനെറ്റ് ഫോറങ്ങൾ** : ആളുകൾക്ക് താൽപ്പര്യമുള്ള വിഷയങ്ങളിൽ ആശയങ്ങൾ കൈമാറാവുന്ന വെബ്സൈറ്റ്.

**സോഷ്യൽ ബ്ലോഗുകൾ** : ഡയറി ശൈലിയിലുള്ള പോസ്റ്റുകൾ അടങ്ങുന്ന വിവരദായക വെബ്സൈറ്റ്.

**മൈക്രോബ്ലോഗുകൾ** : ഹ്രസ്വവും ടെക്സ്റ്റ് അടിസ്ഥാനമാക്കിയുള്ളതുമായ പോസ്റ്റുകൾ പങ്കിടുന്ന പ്രവർത്തനം.

**വിക്കികൾ** : ഒന്നിലധികം ഉപയോക്താക്കളെ ഉള്ളടക്കം എഡിറ്റുചെയ്യാനും ആക്സസ് ചെയ്യാനും അനുവദിക്കുന്ന വെബ്സൈറ്റ്

**സോഷ്യൽ നെറ്റ്വർക്കുകൾ** : ആളുകളെ പരസ്പരം ബന്ധിപ്പിക്കാൻ അനുവദിക്കുന്ന ഒരു വെബ്സൈറ്റ് /ആപ്.

**കോൺടെന്റ് കമ്മ്യൂണിറ്റികൾ** : ഓൺലൈൻ മൾട്ടിമീഡിയ മെറ്റീരിയലുകൾ പങ്കിടാൻ കോൺടെന്റ് കമ്മ്യൂണിറ്റികൾ അനുവദിക്കുന്നു.

**<u>ഗുണം:</u>** ആളുകളെ ഒരുമിച്ച് ചേർക്കുന്നു, ഇവന്റുകൾ ആസൂത്രണം ചെയ്യുകയും സംഘടിപ്പിക്കുകയും ചെയ്യുക, ബിസിനസ് പ്രമോഷൻ, സാമൂഹിക നൈപുണ്യം.

**<u>ദോഷം:</u>** സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റം, സൈറ്റുകൾക്ക് അടിമകളാകുന്നു, അപവാദം പ്രചരിപ്പിക്കൽ.

**2. <u>Cyber security (സൈബർ സുരക്ഷ )</u>** :

സൈബർ ആക്രമണങ്ങളിൽ നിന്ന് ഇന്റർനെറ്റ് ബന്ധിപ്പിച്ച ഉപകരണങ്ങളും സേവനങ്ങളും സംരക്ഷിക്കുന്ന രീതിയാണിത്.

**<u>കമ്പ്യൂട്ടർ വൈറസ്</u>** : കമ്പ്യൂട്ടറുകൾക്കിടയിൽ വ്യാപിക്കുകയും ഡാറ്റയ്ക്കും സോഫ്റ്റ്വെയറിനും കേടുപാടുകൾ വരുത്തുകയും ചെയ്യുന്ന ഒരു തരം സോഫ്റ്റ് വെയർ പ്രോഗ്രാമുകളിത്.

**<u>കമ്പ്യൂട്ടർ വേം</u>** : സ്വയം പകർത്താനും മറ്റ് കമ്പ്യൂട്ടറുകളിലേക്ക് വ്യാപിക്കാനും കഴിയുന്ന പ്രോഗ്രാം.

**<u>ട്രോജൻ ഹോഴ്സ്</u>**:ഒരു ഉപകാരപ്രദമായ സോഫ്ട്‌വെയറാണെന്നു ഉപയോക്താക്കളെ തെറ്റിദ്ധരിപ്പിക്കുകയും ഇൻസ്റ്റാൾ ചെയ്താൽ കമ്പ്യൂട്ടർ പ്രവർത്തനങ്ങൾ താറുമാക്കുകയും ചെയ്യുന്ന സോഫ്റ്റ്വെയർ.

**<u>സ്പാം</u>** :ഇന്റർനെറ്റിലൂടെ ധാരാളം ആളുകൾക്ക് അയയ്ക്കുന്ന ആവശ്യപ്പെടാത്ത സന്ദേശങ്ങളാണിത്.

**<u>ഹാക്കിങ്</u>** : കമ്പ്യൂട്ടർ നെറ്റ് വർക്കിലേക്കോ കമ്പ്യൂട്ടറിലോ ഉള്ള ഡാറ്റയിലേക്ക് അനധികൃത ആക്സസ് നേടുന്ന പ്രക്രിയയാണ് ഹാക്കിംഗ്. ഹാക്ക് ചെയ്യുന്ന വ്യക്തിയെ ഹാക്കർ എന്ന് വിളിക്കുന്നു.
ഹാക്കർമാർ 3 തരമുണ്ട്.

**വൈറ്റ്ഹാറ്റ് ഹാക്കർ**: കമ്പ്യൂട്ടർ നെറ്റ് വർക്കിന്റെ സുരക്ഷ പരിശോധിക്കുന്ന എത്തിക്കൽ ഹാക്കറാണിവർ

**ബ്ലാക്ക്ഹാറ്റ് ഹാക്കർ** : ദുരുദ്ദേശ്യത്തോടെ കമ്പ്യൂട്ടർ ശൃംഖലകളിൽ കടന്നുകയറുന്ന ഹാക്കറാണിവർ.

**ഗ്രേഹാറ്റ് ഹാക്കർ** : എത്തിക്കൽ നിയമങ്ങൾ ലംഗിച്ചു കമ്പ്യൂട്ടർ നെറ്റ് വർക്കിൽ നുഴഞ്ഞു കയറുകയും, എന്നാൽ ദുരുദ്ദേശ്യങ്ങളില്ലാത്ത കമ്പ്യൂട്ടർ സുരക്ഷാ വിദഗ്ധരാണിവർ.

**<u>ഫിഷിംഗ് :</u>** വ്യാജ വെബ്സൈറ്റ് സൃഷ്ടിച്ചു യൂസർ നെയിം,പാസ്‌വേഡുകൾ, ക്രെഡിറ്റ് കാർഡ് തുടങ്ങിയ വിവരങ്ങൾ നേടാനുള്ള ശ്രമമാണിത് . ഇത്തരം വ്യാജ വെബ്സൈറ്റ് നിർമിക്കുന്നതാണ് **സ്പൂഫിംഗ്**.

**ഡിനൈൽ ഓഫ് സർവീസ്(DoS) അറ്റാക്ക്** : വെബ് സെർവറിനെ ഷട്ട് ഡൗൺ ആക്കുന്നു.

**3. നെറ്റ്‌വർക് അറ്റാക്കിനെ തടയാനുള്ള മാർഗ്ഗങ്ങൾ**

**<u>ആന്റിവൈറസ് സ്കാനറുകൾ</u>** :കമ്പ്യൂട്ടർ സിസ്റ്റത്തിലെ ഫയലുകളിൽ കാണപ്പെടുന്ന വൈറസ്,വോം, ട്രോജൻ ഹോഴ്സ്,മാൽവെയർ എന്നിവയെല്ലാം സ്കാൻ ചെയ്യുകയും അവ നീക്കം ചെയ്യുകയും ചെയ്യുന്നു.

**<u>ഫയർവാൾ</u>** : കമ്പ്യൂട്ടർ നെറ്റ് വർക്കിന് സുരക്ഷ നൽകുന്ന ഹാർഡ്‌വെയറിന്റെയും സോഫ്റ്റ് വെയറിന്റെയും ഒരു സമ്മിശ്ര രൂപമാണിത്.

**<u>കുക്കീസ്</u>** : നിയമ വിധേയമല്ലാത്ത ഉപയോഗത്തിനും, സ്വകാര്യ വിവരങ്ങൾ ഉപയോഗിക്കുന്നത് തടയുവാനും കുക്കികളുടെ അടിക്കടിയുള്ള നശീകരണത്തിലൂടെ സാധിക്കുന്നു.

TEACHBOOK.IN

XI - CHAPTER - 10

# IT APPLICATIONS

**ICT( ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജി ) ആപ്ലിക്കേഷൻ**

**1. e-Governance( ഇ-ഗവേണൻസ് ) :**

പൗരന്മാർക്ക് സൗകര്യപ്രദവും കാര്യക്ഷമവും സുതാര്യവുമായ രീതിയിൽ സർക്കാർ സേവനങ്ങൾ എത്തിക്കുന്നതിനുള്ള ICTയുടെ ആപ്ലിക്കേഷനാണ്.

**1.1. ഇ-ഗവേണൻസിലെ വ്യത്യസ്ത ഇടപെടലുകൾ**

- **G2C ( ഗവണ്മെന്റ് ടു സിറ്റിസൺസ് ) :** ഗവണ്മെന്റും പൗരന്മാരും തമ്മിൽ ആശയവിനിമയം
- **G2B ( ഗവണ്മെന്റ് ടു സിറ്റിസൺസ് ) :** ഗവണ്മെന്റും ബിസിനസ്സുകാരും തമ്മിൽ ആശയവിനിമയം
- **G2E ( ഗവണ്മെന്റ് ടു എംപ്ലോയീസ് ) :**ഗവണ്മെന്റും ജീവനക്കാരും തമ്മിൽ ആശയവിനിമയം
- **G2G ( ഗവണ്മെന്റ് ടു ഗവണ്മെന്റ് ) :** ഗവണ്മെന്റും ഗവണ്മെന്റും തമ്മിൽ ആശയവിനിമയം

**1.2 ഇ-ഗവേണൻസ് ഇൻഫ്രാസ്ട്രക്ചർ**

- **SDC ( സ്റ്റേറ്റ് ഡാറ്റ സെന്റർ ) :** സംസ്ഥാന തലത്തിലുള്ള ഇ-ഗവൺമെന്റ് ആപ്ലിക്കേഷനുകൾ ഹോസ്റ്റുചെയ്യുന്നതിനുള്ള ഭൗതിക സൗകര്യം ഒരുക്കുന്നു.
- **KSWAN ( കേരളം സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക് ):**സംസ്ഥാനത്തെ പൊതുമേഖലയ്ക്ക് വൈഡ് ഏരിയ നെറ്റ്‌വർക്ക് കണക്റ്റിവിറ്റിയും അനുബന്ധ സേവനങ്ങളും ലഭ്യമാക്കാൻ അനുവദിക്കുന്ന അത്യാധുനിക സംവിധാനം.
- **CSC ( കോമൺ സർവീസ് സെന്റർ ) :** സർക്കാർ, സ്വകാര്യ, സാമൂഹിക മേഖലയിലെ സേവനങ്ങളുടെ ഫ്രണ്ട് എൻഡ് ഡെലിവറി പോയിന്റുകളാണ് CSC. ഉദാ: അക്ഷയ സെന്റർ,ജനസേവ കേന്ദ്രം

⏩ **ഇ-ഗവേണൻസിന്റെ ഗുണങ്ങൾ:** വേഗത,സമയവും പണവും ലാഭിക്കുന്നു, സുതാര്യത,അഴിമതി കുറയ്ക്കുന്നു.

⏩ **ഇ-ഗവേണൻസിന്റെ വെല്ലുവിളികൾ:** ഇ-സാക്ഷരത കുറവ്,സൈബർ ആക്രമണം,വ്യക്തിഗത വിവരങ്ങളുടെ ലീക്ക്,കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ക്രമീകരിക്കുന്നതിന്റെ ചെലവ്.

**2. ഇ-ബിസിനസ്സ്:**

ICTയുടെസഹായത്താൽ ബിസിനസ് സംബന്ധമായ വിവിധ പ്രവർത്തനങ്ങൾ ചെയ്യുന്നതാണിത്.

**2.1 ഇ-കൊമേഴ്‌സ് :**

സാധനങ്ങളും സേവനങ്ങളും ഓൺലൈൻ പണമിടപാടിലൂടെ വാങ്ങുന്നതിനും വിൽക്കുന്നതിനുമുള്ള ഒരു രീതി. ഉദാ:ആമസോൺ,ഫ്ലിപ്കാർട്.

**2.2. ഇ-ബാങ്കിംഗ് :**

ഓൺലൈൻ സംവിധാനത്തിലൂടെ ഏതു സമയത്തും ബാങ്ക് ഇടപാടുകൾ നടത്താൻ അനുവദിക്കുന്നു.

**2.3. ഇലക്ട്രോണിക് പേയ്മെന്റ് സിസ്റ്റം (EPS):**

പണമോ ചെക്കുകളോ ഇല്ലാതെ ഓൺലൈൻ ഇടപാടുകൾ നടത്താൻ ആളുകളെയും ബിസിനസുകളെയും അനുവദിക്കുന്നു. ഉദാ: G-പേ, ഫോൺ-പേ,പേടിഎം

TEACHBOOK.IN

⏩ **ഇ-ബിസിനസ്സിന്റെ ഗുണങ്ങൾ:**

വേഗത,പ്രവർത്തന ചെലവ് കുറയ്ക്കുന്നു,സമയവും പണവും ലാഭിക്കുന്നു, എല്ലാ സമയത്തും തുറന്നിരിക്കുന്നു, ഭൂമിശാസ്ത്രപരമായ പരിമിതികൾ മറികടക്കുന്നു, വലിയ സെലെക്ഷൻ ലഭ്യമാണ്

⏩ **ഇ-ബിസിനസ്സിന്റെ വെല്ലുവിളികൾ:**

സാധനങ്ങൾ തൊട്ടുനോക്കി വാങ്ങുവാൻ സാധിക്കില്ല, ഡെലിവറിക്ക് കാലതാമസം, സൈബർ ആക്രമണം, ഇ-സാക്ഷരത ആവശ്യമുണ്ട്.

**3. ഇ-ലേർണിംഗ് :** ഇലക്ട്രോണിക് മീഡിയയും ICTയും ഉപയോഗിച്ചു നടത്തുന്ന പഠന രീതിയാണിത്.

**3.1 ഇ-ലേണിംഗ് ടൂളുകൾ**

3.1.A **ഇലക്ട്രോണിക് ബുക്ക് റീഡർ (ഇ-ബുക്കുകൾ):** ഇ-ബുക്കുകളെ സ്റ്റോർ ചെയ്യുവാനും,റീഡ് ചെയ്യുവാനുമുള്ള ഇലക്ട്രോണിക് ഉപകരണം.
ഉദാ: ആമസോൺ കിൻഡിൽ,iPad

3.1.B **ഇ-ടെക്സ്റ്റ്** : ഇലക്ട്രോണിക് രൂപത്തിലുള്ള ടെക്സ്റ്റ് ബുക്കുകളാണിവ.

3.1.C **ഓൺലൈൻ ചാറ്റ്** : പഠിതാക്കൾക്കു ആശയങ്ങൾ ഓൺലൈനിലൂടെ പങ്കിടാൻ സാധിക്കുന്നു.

3.1.D **ഇ-കണ്ടെന്റ്** : ഇ-ലേർണിംഗിനായുള്ള വീഡിയോകൾ, അവതരണങ്ങൾ, ഗ്രാഫിക്സ്, ആനിമേഷൻ

3.1.E **വിദ്യാഭ്യാസ ടിവി ചാനലുകൾ :** ഉദാ: വ്യാസ്, വിക്ടേർസ്

⏩ **ഇ-ലേണിംഗ് ഗുണങ്ങൾ:** പാഠപുസ്തകത്തിന്റെ ആവശ്യമില്ല, ഓൺലൈൻ പഠനത്തിന് അധ്യാപക ദൗർലഭ്യം പരിഹരിക്കാൻ കഴിയും,സമയവും സ്ഥലവും ഒരു തടസ്സമല്ല.

**4. ICT അധിഷ്ഠിത സേവനങ്ങൾ:**

4.1 BPO (ബിസിനസ് പ്രോസസ് ഔട്ട്സോഴ്സിംഗ്) : ICTയുടെ വിവിധ ബിസിനസ്സുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മറ്റൊരു കമ്പനിക്ക് ഉപകരാർ നൽകുന്ന ഒരു രീതിയാണിത്. ICTഅപ്ലിക്കേഷന്റെ സഹായത്തോടെ പേറോൾ, അക്കൗണ്ടിംഗ്, ടെലിമാർക്കറ്റിംഗ്, ഡാറ്റ റെക്കോർഡിംഗ്, സോഷ്യൽ മീഡിയ, കസ്റ്റമർ സപ്പോർട്ട്, ഹ്യൂമൻ റിസോഴ്സ്, മാർക്കറ്റിംഗ്, സപ്ലൈ ചെയിൻ മാനേജ്മെന്റ്.

4.2 KPO ( നോളജ് പ്രോസസ് ഔട്ട്സോഴ്സിംഗ് ): BPOയുടെ ഉപവിഭാഗമായ KPO പ്രധാന ബിസിനസ്സ് പ്രവർത്തനങ്ങളായ ഡാറ്റ അനലിറ്റിക്സ്, ഇൻഫർമേഷൻ ടെക്നോളജി എന്നിവ പോലുള്ള വിജ്ഞാനാധിഷ്ഠിത സേവനങ്ങൾ പിന്തുണയ്ക്കുന്നു. ഒരു പ്രത്യേക മേഖലയിൽ പ്രത്യേക അറിവുള്ള ഫ്രീലാൻസ് വ്യക്തികളാണ് ഇവ ചെയ്യുന്നത്.

4.3 കോൾ സെന്റർ : ഒരു സ്ഥാപനത്തിലെ കോളുകൾ കൈകാര്യം ചെയ്യുന്ന സേവന സൗകര്യം.

4.4. ടെലികോൺഫറൻസിങ്,    4.5. വീഡിയോ കോൺഫെറെൻസിങ്



TEACHBOOK.IN